MR. A. KUMARA PILLAI (*Secretary to Government*): No enquiry was made.

MR. N. K. KRISHNA PILLAI (*Neyyattinkara*): May I know whether at least now the Government will be pleased to make an enquiry?

MR. A. KUMARA PILLAI (*Secretary to Government*): The Government will ask the Chief Engineer to make an enquiry?

Election of members to the Economic Development Board.

PRESIDENT: The following non-official gentlemen were elected to the Economic Development Board at the election held last evening:—

Mr. Joseph Kunju,
„ Rama Varma Raja,
„ K. Krishnan Nayar, and
„ A. Narayana Pillai.

The general discussion on the budget will now continue.

General discussion of the Budget (*contd*).

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): സർ, ഈയാണ്ടിലും മുറപോലെ ബഡ്ജറുത്സവം തുടങ്ങി നടന്നുവരുകയാണല്ലൊ. ഇതിനിടയ്ക്ക ഫിനാൻഷ്യൽ സെക്രട്ടറിയുടെ പതിവുപോലെയുള്ള ബഡ്ജറും അവതരിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ബഡ്ജറിനെസംബന്ധിച്ചു ശ്രദ്ധേയങ്ങളായ അനേകം പ്രസംഗങ്ങളും ഇന്നലെ എന്റെ ചില മാന്യസ്നേഹിതന്മാരിൽനിന്നും കേൾക്കുകയുണ്ടായി. ബഡ്ജറിൽ കാണിച്ചിരിക്കുന്ന തുകകൾക്കു യാതൊരടിസ്ഥാനവുമില്ലെന്നും സർപ്ലസ് കാണിക്കുന്നതിനുവേണ്ടിമാത്രം ഇപ്രകാരം ഒരു ബഡ്ജറു് തയ്യാറാക്കിയതാണെന്നുമാണു് അധികംപേരുടെയും അഭിപ്രായം. ഇതു അക്ഷരംപ്രതി പരമാർത്ഥമാണെന്നതന്നെയാണു് എന്റെയും അഭിപ്രായം. എന്നാലും ഇമ്മാതിരിയുള്ള ബഡ്ജറുകൾതന്നെയാണു് ഇതിനു മുമ്പിലത്തെ ആണ്ടുകളിലും രൂപീകരിച്ചു് അവതരിപ്പിച്ചിട്ടുള്ളതു്. ആ കീഴ്പതിവുപോലെ ഇപ്പോഴും ഒരു ബഡ്ജറു് തയ്യാറാക്കിയിരിക്കുന്നു എന്നെ ഞാൻ വിചാരിക്കുന്നുള്ളൂ. അതുകൊണ്ടു ബഡ്ജറിൽ കൊള്ളിക്കുന്ന തുകകൾക്കു ഇവിടത്തെതോതന്നു സ്ഥിച്ചു യാതൊരടിസ്ഥാനവും വേണമെന്നു തോന്നുന്നില്ല. ക്രൂരതയും ജനപ്രതിനിധികളെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി മാത്രം ആണ്ടുതോറും ബഡ്ജറു് സമ്മേളനത്തിൽ ഫിനാൻഷ്യൽസെക്രട്ടറി സമർത്തിവരാറുള്ള ഒരു ചടങ്ങുമാത്രമായതുകൊണ്ടു ഈ ആണ്ടിലും ആ ചടങ്ങുകൾനിർവ്വഹിക്കുന്നതിനായിവേണ്ടിമാത്രം തോന്നിയതുപോലെ തയ്യാറാക്കിയിട്ടുള്ള ഒരു ബഡ്ജറാണിതു് എന്നെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വിചാരിക്കുന്നുള്ളൂ. മേൽപറഞ്ഞ ചടങ്ങു ഏതെങ്കിലും ഒരുതരത്തിൽ നിവ്വഹിക്കണമെന്നുള്ള വിചാരം മാത്രമെ അദ്ദേഹത്തിനുള്ളൂ എന്നാണ് ബഡ്ജറു ശ്രദ്ധീകരണത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു്. ബഡ്ജററിലെ തുകകൾക്കു യാതൊരടിസ്ഥാനവുമില്ലെന്നുള്ള സംഗതി അദ്ദേഹത്തിനുതന്നെ ഏറക്കുറെ അറിയാമെന്നാണ് ഞാൻ വിചാരിക്കുന്നതു്. നമ്മുടെ ഫിനാൻഷ്യൽസെക്രിട്ടറി എപ്പോഴെങ്കിലും ഒരു ശരിയായ ബഡ്ജറു് ഉണ്ടാക്കിയിട്ടുണ്ടോ? എന്റെ അറിവിൽ ഒരിക്കലുമില്ല. അതുകൊണ്ടു അടുത്തയാണ്ടത്തെ ബഡ്ജറും ഇത്തരത്തിലായതിൽ ഒട്ടുംതന്നെ അത്ഭുതമില്ല. കഴിഞ്ഞയാണ്ടത്തെയും ഈ ആണ്ടത്തെയും ബഡ്ജററുകൾ തമ്മിലുള്ള ചില വ്യത്യാസങ്ങളെക്കുറിച്ചു ഒന്നരണ്ടു സംഗതികൾ ചൂണ്ടിക്കാണിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. സെയിൽപ്രൊസീഡ്സ് എന്നയിനത്തിൽ ര ലക്ഷം രൂപാ കിട്ടുമെന്നു ഫിനാൻഷ്യൽസെക്രിട്ടറി കഴിഞ്ഞയാണ്ടത്തെ ബഡ്ജററിൽ പ്രതീക്ഷിക്കയുണ്ടായി. എന്നാൽ പിരിഞ്ഞുകിട്ടുമെന്നുള്ള തുക ഒന്നര ലക്ഷം രൂപാ മാത്രമാണെന്നു കാണുന്നു.

MR. R. NILAKANTA PILLAI (*Financial Secretary to Government*) : അതുമുഴുവനും പിരിഞ്ഞു കിട്ടിയിട്ടില്ല.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*) : ഫിനാൻഷ്യൽസെക്രിട്ടറിയുടെ ഈ പ്രസ്താവന എന്റെ വാദത്തെ കൂടുതൽ ബലപ്പെടുത്തുകയാണ് ചെയ്യുന്നതു്. അതായതു് ഫിനാൻഷ്യൽസെക്രിട്ടറിയുടെ പ്രതീക്ഷയുടെ വ്യത്യാസം ആയിരമൊ, അയ്യായിരമൊ അൻപതിനായിരമൊ അല്ല. രണ്ടും മൂന്നും ലക്ഷങ്ങൾക്കുള്ള വ്യത്യാസമാണെന്നു പ്രത്യക്ഷമാകുന്നുണ്ടു്. നാലുലക്ഷം രൂപാ വരവുപ്രതീക്ഷിക്കപ്പെട്ടതിനത്തിൽ മൂന്നുലക്ഷം രൂപായുടെ വ്യത്യാസം കാണുന്നതുകൊണ്ടു മറിനങ്ങളിലും ഇതുപോലെയുള്ള വ്യത്യാസം കാണാനിടയുണ്ടെന്നുള്ള തുകൊണ്ടുമാത്രം ബഡ്ജറു് ശ്രദ്ധീകരണത്തിനുള്ള അടിസ്ഥാനം എത്രമാത്രമാണെന്നു പറയേണ്ടതില്ലല്ലൊ.

അതുപോലെതന്നെ കഴിഞ്ഞയാണ്ടത്തെ ബഡ്ജററിൽ മൂന്നു ട്രാഫിക്ക് ഇൻസ്പെക്ടർമാരെ കൂടുതൽ നിയമിക്കയാണെങ്കിൽ ആ ഇനത്തിൽ ചിലവുനീക്കി ൨,൦൦൦ രൂപാ ഗവണ്മെൻറിനു ആദായം കിട്ടുമെന്നു ഫിനാൻഷ്യൽ സെക്രിട്ടറി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ട്രാഫിക്ക് ഇൻസ്പെക്ടർമാരെക്കൊണ്ടു മോട്ടാർ വാഹനങ്ങൾ ടെസ്റ്റ് ചെയ്യിക്കാമെന്നും ആ ഇനത്തിൽ ചില അനുദ്യോഗസ്ഥന്മാക്കും മറു ഡിപ്പാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. S. Subrahmanya Pillai.]

ട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാക്കും കിട്ടിക്കൊണ്ടിരിക്കുന്ന തുക ഗവണ്മെൻറിലേക്കു വരവിനത്തിൽ കിട്ടുമെന്നും മറ്റുമാണ് പ്രസ്താവിച്ചിരുന്നതു്. എന്നാൽ ഈ ഇനത്തിൽ യാതൊരുവരവുമുള്ളതായി ഈ ബഡ്ജറ്റിൽ പ്രതീക്ഷിച്ചുകാണുന്നില്ല. ഇതിനെ സംബന്ധിച്ചു കഴിഞ്ഞയാണ്ടത്തെ ബഡ്ജറ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്. (Page 6)

> "The motor buses are being examined at present by officials of other departments and by non-officials to whom one half of the fees realised in the case of the former and fees up to the maximum limit of the fees realised in the case of the latter, are being paid by charging the same to the head "Refund of Revenue" under Police. As it is proposed to appoint three more Traffic Inspectors in connection with the formation of a separate Traffic Department from the beginning of the next year, the examination of the buses will in future be conducted by the Traffic Inspectors of the Police Department and the entire receipts will be credited to the Department. This accounts for an increase of about a quarter of a lakh."

ഇങ്ങനെ കാൽലക്ഷം രൂപായോളം വരവുള്ളതായി പ്രതീക്ഷിക്കപ്പെട്ടിട്ടുള്ള ഈ ഇനത്തിൽ യാതൊരുവരവും വന്നിട്ടുള്ളതായി കാണിച്ചിട്ടില്ല. ഇതിൽനിന്നും ഏതാനും ചിലക്കു ഉദ്യോഗം കൊടുക്കാൻവേണ്ടിമാത്രം ഈ തുക ബഡ്ജറിൽ കൊള്ളിച്ചതാണെന്നും യഥാർത്ഥത്തിൽ ഇതിൻറെ ആവശ്യമുണ്ടായിട്ടല്ല എന്നും വേണം വിചാരിക്കാൻ. ഇരിക്കട്ടെ; ഇപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ എപ്പോൾ നിയമിച്ചു എന്നും, അവരുടെ പരീക്ഷായോഗ്യത എന്തെന്നും മോട്ടാർ വാഹനങ്ങൾ പരിശോധിക്കത്തക്ക പ്രത്യേകയോഗ്യതകൾ അവക്കുണ്ടോ എന്നും, എനിക്കിതുവരെ അറിയാനിടയായിട്ടില്ല. നിയമനത്തെയും പരീക്ഷായോഗ്യതയെയുംപറ്റി ബഡ്ജറിൽ പറയേണ്ട ആവശ്യമില്ലെങ്കിലും ഇതിൽനിന്നും കിട്ടുന്ന ആദായത്തെകുറിച്ചു പറയാമായിരുന്നു. ഇതിലേക്കു യോഗ്യതയുള്ള ആളുകളെ അതാതുസമയം നിയമിക്കാതെ വല്ല നഷ്ടത്തിനും ഇടവന്നിട്ടുണ്ടെങ്കിൽ ആ നഷ്ടത്തിനുത്തരവാദി ആരാണെന്നു ഗവണ്മെൻറുതന്നെ ചിന്തിച്ചുകൊള്ളട്ടെ.

ഇതിനുംപുറമെ വാഹനനിയന്ത്രണത്തിനായി ക വ കാൺസ്റ്റബിൾമാരെയും ക ക ഹെഡ്കാൺസ്റ്റബിൾമാരെയും നിയമിക്കുന്നതിനായി വരുന്ന ആണ്ടത്തെ ബഡ്ജറിൽ ഒരു തുക കൊള്ളിച്ചിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു കഴിഞ്ഞയാണ്ടത്തെ ബഡ്ജറ് പ്രസംഗത്തിൽ ൻ-ാമതുവശത്തു ക വ-ാമത്തെ പാരാവിൽ പറയുന്നതു ഇങ്ങനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

"At present, there is only a special staff of four Traffic Inspectors for the control of all vehicular and motor traffic in the State. As the number of Inspectors is too small for an effective control, it is proposed to appoint three more Traffic Inspectors with a staff of fourteen head constables and seven constables under a separate officer of the rank of a District Superintendent of Police. The head constables and constables will be recruited from the normal staff of the Department and with the creation of the new Traffic Department the temporary post of the Personal Assistant to the Commissioner of Police will be abolished. As has already been stated the half-yearly testing of the motor buses will in future devolve on the seven Traffic Inspectors of the Department and the additional expenditure involved in the creation of the new appointments will be more than covered up by the fees realised for the testing of the buses which will be credited to the Department. Provision is also made for the reorganisation of the Armed Reserve, besides the continuance of the existing temporary staff for the Motor Section in the Headquarters Office and the District Superintendents' Offices."

എന്നാണ്. ഈ സ്ഥിതിക്ക് കൂടുതൽ സ്റ്റാഫിന്റെ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. അഥവാ കൂടുതൽസ്റ്റാഫ് അനുവദിച്ചുകൊടുത്താലും, ഇന്നത്തെ ട്രാഫിക്ക് നിയന്ത്രണത്തെക്കുറിച്ചു നോക്കുകയാണെങ്കിൽ, കൂടുതൽ ഉപദ്രവമല്ലാതെ കൂടുതൽ പ്രയോജനമുണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ട്രാഫിക്കു ശരിയായ മേൽനോട്ടത്തിൽ നടത്തിക്കാത്തപക്ഷം വാഹനഉടമസ്ഥന്മാർക്കും അതിലെ സിൽബന്ധികൾക്കും നിമിഷംപ്രതി ഉപദ്രവങ്ങളും സങ്കടങ്ങളും ഉണ്ടാകാനിടയുണ്ടെന്നാണ് ഇപ്പോഴത്തെ അനുഭവംതന്നെ പഠിപ്പിച്ചിരിക്കുന്നതു്. ഇക്കാര്യത്തിൽ ഗവൺമെന്റു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽ പ്രധാനമായി പറയുന്ന മറെറാരു വരവിനം ടോൾപിരിവാണ്. അതായതു പുത്തനായി ചില ടോളുകൾകൂടി ഏർപ്പെടുത്തി അതിൽനിന്നും ര ലക്ഷംരൂപാ അദ്ദായം വരുത്താമെന്നാണ്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഈ ര ലക്ഷംരൂപാ കൂടുതലായിട്ടാണൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): നാലു ലക്ഷംരൂപായോളം ആദായംവരുമെന്നു കാണിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞതു്. അതിൽ വല്ല വ്യത്യാസമുണ്ടെങ്കിൽ മെമ്പർക്കു കറക്ററുചെയ്യാം.

ഈ സംസ്ഥാനത്തുള്ള ടോളുകളെല്ലാം നിറുത്തണമെന്ന ഒരു പ്രമേയം ഈ സഭയിൽ ഐകകണ്ഠ്യേന പാസായതായി എനിക്കറിയാം. അതനുസരിച്ചു പ്രവർത്തിക്കേണ്ടതായ പരിഷ്കൃത ഗവൺമെൻറ് അതുപോലെ പ്രവർത്തിച്ചില്ലെന്നുമാത്രമല്ല, ഈ സാമ്പത്തികാധഃപതനകാലത്തു കൂടുതൽ ടോളുകൾ ഏർപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. S. Subrahmanya Pillai.]

യിട്ടുകൂടി കാണുന്നതു ആക്ഷേപാർഹമാണു്. ഇതു ജനപ്രതിനിധികളുടെ ഏകകണ്ഠമായ അഭിപ്രായങ്ങളെ ഗവണ്മെൻറു് തീരെ അവഗണിച്ചുപോന്നുവരുന്നു എന്നുള്ളതിനു ഉത്തമ ലക്ഷ്യമാണു്.

ഇപ്പോഴത്തെ പുതിയ ഏർപ്പാടനുസരിച്ചു ടോൾഗേറു ലേലത്തിനായി വരുന്നതിൽനിന്നും ഉദ്യോഗസ്ഥന്മാർക്കു കൂടുതൽ സഞ്ചാരപ്പടിയും മറ്റും വാങ്ങിക്കുന്നതിനു ഒരു സൌകര്യംകൂടി കിട്ടിയിരിക്കുന്നു എന്നല്ലാതെ കൂടുതലായി യാതൊരുലാഭവും ഈ ഇനത്തിൽ കിട്ടാനില്ല. മുമ്പു് ടോൾഗേറുലേലങ്ങൾ അതാതു ഡിവിഷനിലെ ഡിവിഷനാഫീസർമാരും മുനിസിപ്പൽ പ്രസിഡൻറന്മാരുമാണു് നടത്തിക്കൊണ്ടിരുന്നതു് എന്നാൽ ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു സംസ്ഥാനത്തിൻെറ നാനാഭാഗത്തുമുള്ള ഡിവിഷനാഫീസർ, സബ് ഡിവിഷനാഫീസർ, സൂപ്പർവൈസർ, എന്നുവേണ്ട ശിപായിമാരുംപ്പെടെയുള്ള സകല ഉദ്യോഗസ്ഥന്മാരും തിരുവനന്തപുരത്തു ചീഫ് എൻജിനീയർ ഓഫീസിൽ വരേണ്ടിയിരിക്കുന്നു ഇതു സഞ്ചാരപ്പടികിട്ടാൻ നല്ല മാർഗ്ഗമാണു്. എന്നാൽ ഇതിൻെറ സങ്കടം അനുഭവിക്കുന്നതു മുഴുവൻ സാധുജനങ്ങളുമാണു്. അതിനാൽ ടോൾഗേറുകൾ മുഴുവനും ഉടനടി നിറുത്തേണ്ടതാണു്. അതിനിടയില്ലെന്നു വിചാരിക്കുന്നപക്ഷം ഈ സാമ്പത്തികാധഃപതനത്തിനു ഒരു ശമനം ഉണ്ടാകുന്നതുവരെയെങ്കിലും ടോൾഗേറുകൾ നിറുത്തിവയ്ക്കേണ്ടതു വളരെ അത്യാവശ്യമാണു്: ഈ വിഷയത്തെസംബന്ധിച്ചു കഴിഞ്ഞമത്തെ പ്രജാസഭയിൽ ഞാൻ സമർപ്പിച്ച നിവേദനത്തിനു മറുപടിയായി അന്നത്തെ ദിവാൻ മി: വാട്സ് പറഞ്ഞ മറുപടി ഇങ്ങനെയാണു്.

> "As you say, it is the duty of the Government to maintain such roads from the general revenues. I quite agree with you. I can assure you that it is being maintained out of general revenues, for toll collections are incorporated in the general revenues
>
> MEMBER : Toll rates are very exorbitant.
>
> DEWAN : They are not. But your suggestion that one collection should hold good for 24 hours will be taken up for consideration....."

ഇപ്രകാരം ടോൾഗേറുകൾ നിറുത്താമെന്നും ഗേറുകൾകുറയ്ക്കാമെന്നുമുള്ള വാഗ്ദാനം കഴിഞ്ഞു് ആറുകൊല്ലങ്ങളായിട്ടും ഇതിനെപ്പറ്റി ചിന്തിക്കാനൊ ചിന്തിക്കുമെന്നു വിചാരിക്കാനൊ ഇടയുള്ളതായി യാതൊരടയാളങ്ങളും കാണുന്നില്ലെന്നുമാത്രമല്ല കൂടുതൽ ടോളുകൾ സ്ഥാപിക്കാൻ പോകുന്നുഎന്നുകൂടിയുംപ്രസ്താവിച്ചുകാണുന്നു. ഏതായാലും രാജ്യത്തിൻെറ ഇപ്പോഴത്തെ ധനസ്ഥിതി വിചാരിച്ചുകിലും ടോൾപി

LIBRARY ARCHIVES Kerala Legislative Assembly

രിവു നിറുത്തിവയ്ക്കണമെന്നു ഞാൻ ഗവണ്മെൻറിനോടപേക്ഷിച്ചുകൊള്ളുന്നു.

MR. K. KUNJUKRISHNA PILLAI (*Quilon*): ടോക് ഗോറു കുറയ്ക്കാമെന്ന സമ്മതിച്ചു പറഞ്ഞ മറുപടി ഒന്നുകൂടി വായിച്ചുകേട്ടാൽ കൊള്ളാം.

MR. R. S. SUBRAMANYA PILLAI (*Kalkulam cum Vilavankod*): ഗവണ്മെൻറിൽനിന്നു കുറയ്ക്കാമെന്നു പറഞ്ഞില്ലെങ്കിലും ആലോചിക്കാമെന്നു പറഞ്ഞ മറുപടിയിൽനിന്നും അതു ആശ്വാസജനകമായ ഒരു മറുപടിയെന്നുവേണം വിചാരിക്കാൻ.

MR. K. KUNJUKRISHNA PILLAI (*Quilon*): മെമ്പർ വായിച്ചതു ഞാൻ കേട്ടില്ല. അതുകൊണ്ടു ഒന്നുകൂടി വായിച്ചാൽ കൊള്ളാമെന്നാണു പറഞ്ഞതു്.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഞാൻ ആദ്യം വായിച്ചതിൽ എന്തെങ്കിലുമുണ്ടോ അതുതന്നെയാണു പിന്നീടുവായിച്ചാലും ഉണ്ടാകുന്നതു.

അടുത്തതായി എനിക്കുപറയുവാനുള്ളതു ബഡ്ജറിൽകാണിച്ചിരിക്കുന്ന ചിലനൂതനപദ്ധതികളെ കുറിച്ചാണു്. പള്ളിവാശൽ ഹൈഡ്രോ എലക്ട്രിക് സ്കീമിനായി നമ്മുടെ ൪,൭൫,൦൦൦ രൂപാ വേണ്ടിവരുമെന്നു കണക്കാക്കി അതിൻെറ പ്രാരംഭചിലവുകൾക്കായി വരുന്ന ആണ്ടത്തെ ബഡ്ജറിൽ ആറുലക്ഷം രൂപാ അനുവദിച്ചിട്ടുണ്ടെന്നും ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ കാണുന്നുണ്ടു്. തിരുവിതാംകൂർ സംസ്ഥാനത്തിൻെറ ഇന്നത്തെ സാമ്പത്തികനിലയ്ക്കു ഇത്രയും ഭീമമായ ഒരു സംഖ്യ ചിലവാക്കി ഒരു പദ്ധതി നടത്തേണ്ട ആവശ്യമുണ്ടോ എന്നു ഞാൻ ബലമായി സംശയിക്കുന്നു. എന്നുമാത്രമല്ല, ഇപ്പോൾ പ്രതീക്ഷിക്കുന്നതു ലക്ഷംരൂപാകൊണ്ടുതന്നെ ഈ പദ്ധതി അവസാനിപ്പിക്കാമോ എന്നുള്ളതും സംശയമാണു്. തിരുവിതാംകൂറിൽ ഒരു വേലയുംതന്നെ ആദ്യത്തെ അടങ്കലനുസരിച്ചു നടത്തിയിട്ടില്ലെന്നും നടക്കുകയില്ലെന്നും ധൈര്യമായി പറയാം. ൫,൦൦൦ രൂപായ്ക്കു ഒരടങ്കലുണ്ടാക്കിയാൽ ആ പണി തീരുമ്പോൾ ഒരു ലക്ഷം രൂപാവരെ വേണ്ടിവന്നേക്കാം. ചെറിയ വേലകളിൽപോലും അടങ്കലിൽനിന്നും ഒരു രൂപായെങ്കിലും അവസാനത്തിൽക്കൂടാതെയിരിക്കയില്ല. ഈ തോതിനു ഈ പദ്ധതി അവസാനിക്കുമ്പോൾ ചിലപ്പോൾ ൧൦൦ ലക്ഷം രൂപാവരെ വേണ്ടിവന്നുഎന്നും വന്നേക്കാം. പോകട്ടെ, നമ്മുടെ ൫ ലക്ഷം രൂപായിൽക്കൂടുതൽ വേണ്ടിവരികയില്ലെന്നുതന്നെയിരുന്നാലും ഈ പദ്ധതി ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. S. Subrahmanya Pillai,]

ടപ്പിൽ വന്നാൽ എത്രപേക്കാണ് ഇതുകൊണ്ടുള്ള ഉപയോഗം ഉണ്ടാകുന്നതെന്നു നോക്കിയാൽ ലക്ഷത്തിൽ ഒന്നോ പതിനായിരത്തിൽ ഒന്നോവീതം ആളുകൾക്കു ഇതു പ്രയോജനപ്പെട്ടുമോ എന്നുള്ളതും ചിന്താവിഷയമാണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) ലക്ഷത്തിലൊരാൾക്കുമാത്രമെ ഉപയോഗപ്പെടുകയുള്ളു എന്നു മെമ്പർ പറഞ്ഞല്ലൊ. ഇവിടത്തെ ജനസംഖ്യയുടെ കണക്കനുസരിച്ചുനോക്കിയാൽ ൪൦ പേക്കുമാത്രമെ ഈ സ്കീംകൊണ്ടു പ്രയോജനമുണ്ടാവുകയുള്ളൂ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): എന്നല്ല ഏതാനും ചിലർക്കുമാത്രമൊ, അല്ലെങ്കിൽ ഏതാനും ചില കമ്പനിക്കാർക്കുമാത്രമൊ, ബഡ്ജറവതരണത്തിൽ പറയുന്നതുപോലെ ആലപ്പുഴ, ചങ്ങനാശ്ശേരി, പീരുമേട്ട്, ദേവികുളം, കോട്ടയം തുടങ്ങിയുള്ള സ്ഥലനിവാസികൾക്കു ഏതാനുംകാലംകഴിഞ്ഞിട്ടൊ ഉപയോഗപ്പെടുമെന്നുള്ളതു സമ്മതിച്ചാൽതന്നെയും ഇതിന്റെ ആവശ്യം ഇപ്പോൾ ഇല്ലെന്നാണ് ഞാൻ പറഞ്ഞതു്. എന്തുകൊണ്ടെന്നാൽ എത്രയോ അത്യാവശ്യമായ പ്രാദേശികാവശ്യങ്ങൾക്കു പണം ചിലവാക്കേണ്ടിയിരിക്കുന്നതിനാൽ ഇതു തല്ക്കാലം നിറുത്തിവയ്ക്കേണ്ടതാണ്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ൪൦ ലക്ഷത്തിൽപരംരൂപാ ചിലവുചെയ്തുണ്ടാക്കിയ വാട്ടർവർക്ക്സ് എത്രപേക്കാണ് ഉപയോഗപ്പെടുന്നതു്?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): അതും ഇപ്പോൾ ആവശ്യമില്ല എന്നുതന്നെയാണ് എന്റെയും അഭിപ്രായം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) ഒരുകോടി രൂപായിലധികം ചിലവുചെയ്തുണ്ടാക്കിയ കോതയാറണകൊണ്ടു എത്രപേക്കാണു പ്രയോജനം?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): ലക്ഷോപലക്ഷം ജനങ്ങൾക്കുപയോഗമുണ്ട്. തിരുവിതാംകൂർ ഭണ്ഡാരം നിറച്ചിരുന്നതും ഇന്നും നിറച്ചുകൊണ്ടിരിക്കുന്നതും മറ്റാവശ്യങ്ങൾക്കുപയോഗപ്പെടുന്നതുമായ തുകകൾ മുഴുവനും കോതയാർ പ്രോജക്ടിൽനിന്നും വരുന്നതാണെന്നുള്ള വസ്തുതയെ ആരും വിസ്മരിക്കരുതെ!

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): പള്ളിവാശൽ സ്കീമിനു നാല് ലക്ഷം രൂപാ ചിലവാക്കിയാലും അതിൽനിന്നു ശരിയായ ആദായം കിട്ടുകയില്ലെ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): എനിക്കതിനെപ്പറ്റി അറിഞ്ഞുകൂടാ; ഞാൻ ആ വിഷയത്തിൽ എ

LIBRARY ARCHIVES Kerala Legislative Assembly

ക്ലസ്പെർട്ടമല്ല. ഈ രാജ്യത്തിന്റെ ഇന്നത്തെ കാലസ്ഥിതി അല്ലെങ്കിൽ സാമ്പത്തികനില ഇതുപോലെയുള്ള ഒരു നൂതനപദ്ധതിക്കുവേണ്ടി ഒരു വമ്പിച്ച തുക ചിലവുചെയ്യുന്നതിനു അനുവദിക്കുന്നില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഇതുകൊണ്ടു ഇവിടത്തെ തൊഴിലില്ലായ്മക്കു ഒരു പരിഹാരമുണ്ടാവുകയില്ലെ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഇതിനെക്കാൾ എത്രയൊ നല്ല മാർഗ്ഗങ്ങളുണ്ടു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ചാക്ക-തമ്പാനൂർ റയിൽവെ പ്രയോജനകരമാണൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): പ്രയോജനമുള്ളതാണെന്നു ധരിച്ചിട്ടുള്ളവരും കാണും. എന്നാൽ ഇതു വലിയ ചിലവിനുതക്കവണ്ണമുള്ള പ്രയോജനമില്ലെന്നാണു് എനിക്കുതോന്നുന്നതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): പള്ളിവാശൽ പദ്ധതികൊണ്ടു കുട്ടനാട്ടിലെ കൃഷിക്കുപയോഗമുണ്ടെന്നറിയാമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): ഉണ്ടെന്നു ബഡ്ജറ്റുപ്രസംഗത്തിൽ പറയുന്നുണ്ടു്. എന്നാൽ ഒരേക്കർ നിലത്തിലെ വെള്ളം വറ്റിക്കാനെങ്കിലും ഇതുപയോഗപ്പെടുമൊ എന്നു ഞാൻ സംശയിക്കുന്നു. തിരുവനന്തപുരത്തിലെ വാട്ടർസപ്ലൈയുടെ ൪ ശതമാനത്തിൽ കുറയാതെ വരിചുമത്തണമെന്നു വന്നിട്ടുള്ള മുനിസിപ്പൽ റഗുലേഷൻ അമൻറുമെൻറു ബില്ലുപോലെ കുട്ടനാട്ടുകാക്കും ഈ സംഗതിയിൽ ഒരു ബില്ലു വന്നേക്കാം. അപ്പോൾ ഒരു പ്രത്യേകവരി കുട്ടനാട്ടുകാരും കൊടുക്കേണ്ടിവരും. ഈ നിർദ്ദേശം കൊടുക്കുന്നതിനു ചിലപ്പോൾ ആദായം കിട്ടിയില്ല എന്നുംവരാം. ഇപ്പോൾ കൂടുതൽ നികുതിയില്ലാതെ കുടംകൊണ്ടൊ അല്ലെങ്കിൽ ചക്രംവച്ചു ചവുട്ടിയൊ മറ്റൊ വെള്ളം വറ്റിച്ചുവരുന്ന കുട്ടനാട്ടിലെ കൃഷിക്കാരുടെയും രക്ഷയെക്കൂടി ഉദ്ദേശിച്ചാണു് ഞാൻ ഈ പദ്ധതി നടപ്പിൽവരുത്താൻ പാടില്ലെന്നു പറഞ്ഞതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): കുട്ടനാട്ടിലെ കൃഷിക്കാർ കുടംകൊണ്ടാണൊ വെള്ളം വറ്റിക്കുന്നതു്?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): കുടംകൊണ്ടു വറ്റിക്കുന്നു എന്നു ഞാൻ പറഞ്ഞതു ഒരുദാഹരണമായിട്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. S. Subrahmanya Pillai.]

മാത്രമാണ്. അതായത് ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇന്ന കൃട്ടനാട്ടിലെ കൃഷിക്കാർക്ക് ഏറ്റവുംസുലഭമായരീതിയിൽ നിലങ്ങളിലെവെള്ളം വറ്റിക്കാൻ സാധിക്കും; ഈ പദ്ധതി നടപ്പിൽ വന്നാൽ ക്രൂട്ടത്തൽനികുതി കൊടുക്കേണ്ടിവരും; എന്ന മാത്രമാണെന്ന മെമ്പർ മനസ്സിലാക്കിയാൽ മതി.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): പണം ചിലവുചെയ്യ ഈ സ്കീം നടപ്പിൽവരുത്തി ലാഭം എടുക്കുന്നതിനുള്ള അവകാശം വേറെ ഏതെങ്കിലും ഒരു കമ്പനിക്കുകൊടുക്കുന്നതു മെമ്പർക്ക് സമ്മതമാണൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഈ സ്കീമിന്റെ ആവശ്യം തൽക്കാലം ഉള്ളതായി എനിക്കു തോന്നുന്നില്ല എന്നല്ലാതെ ഇതു തിരുവിതാംകൂർ ഗവണ്മെൻറിനു ചെയ്യാൻ സാധിക്കാത്ത ഒരു സംഗതിയാണെന്ന ഞാൻ പറയുന്നില്ല. ഇതു നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുകയാണെങ്കിൽ നമ്മുടെ ഗവണ്മെൻറു തന്നെ നടത്തണം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മൈസൂറിൽ ഇങ്ങനെ ഒരു സ്കീം വളരെ ആദായകരമായി നടക്കുന്നുണ്ടെന്നുള്ള വസ്തുത മെമ്പർക്കറിയാമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): അറിയാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ആ വിധത്തിൽ ഇവിടെയും ഒരു പദ്ധതിനടത്തുന്നതു രാജ്യത്തിനു ശ്രേയസ്കരമായിരിക്കയില്ലെ?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ആദായത്തെമാത്രം ഉദ്ദേശിച്ചാണ് ഈ പദ്ധതി കൊണ്ടുവന്നിട്ടുള്ളതു എന്ന ഞാൻ വിചാരിക്കുന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പരിഷ്കൃതരാജ്യങ്ങളിൽ അനവധി തൊഴിൽ ശാലകൾ എഞ്ചിനീയറിയുടെ സഹായംകൊണ്ടു നടത്തിവരുന്നു എന്നുള്ളവിവരം മെമ്പർക്കറിയാമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): അറിയാം. ഇതു പ്രയോജനമില്ലെന്നല്ല ഞാൻ പറഞ്ഞതും പറയുന്നതും. എന്നാൽ അതിനെക്കാൾ അത്യാവശ്യമായ പല ജോലികളും രാജ്യത്തു ചെയ്യേണ്ടതായിട്ടുണ്ട്. ഒരുകോടി രൂപാ ചിലവാക്കി നിർമ്മിച്ച പേച്ചിപ്പാറ അണയിൽതന്നെ ഒരുവിടവു (crack) ണ്ടെന്നു ഈയി

LIBRARY ARCHIVES Kerala Legislative Assembly

ടെയുള്ള പത്രപ്രസ്താവനകൾകൊണ്ടു കാണുന്നു. ഇതിൽ വല്ല അപായവും വരികയാണെങ്കിൽ തെക്കൻ തിരുവിതാംകൂറിലെ സ്ഥിതി വിശേഷിച്ചും, കൽക്കുളം, വിളവങ്കോട് ഈ രണ്ടു താലൂക്കുകളിലെയും സ്ഥിതി എന്തായിരിക്കും! ഇതു വിചാരിക്കാൻപോലും ഭയങ്കരമായിരിക്കുന്നു. വല്ല അപകടവും പറ്റുകയാണെങ്കിൽ മേല്പറഞ്ഞ രണ്ടു താലൂക്കുകളും നാമാവശേഷമായിതീരുമെന്നുള്ള സംഗതി ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ മാതിരിയുള്ള മാറിവയ്ക്കാൻ പാടില്ലാത്തതായ അത്യാവശ്യജോലികളാണു ചെയ്യേണ്ടതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): പള്ളിവാശൽ വെള്ളച്ചാട്ടംകൊണ്ടു തിരുവിതാംകൂറിലേക്കു യാതൊരു പ്രയോജനവും ഇല്ലെന്നു സമ്മതിച്ചാൽ തന്നെയും അവിടെ ഈ സ്കീം തുടങ്ങുന്നതുകൊണ്ടു നമുക്കു വലുതായ ആദായം ഉണ്ടാകുമെന്നു മെമ്പർക്കറിയാമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): എനിക്കതിനെകുറിച്ചു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മെമ്പർ അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): ഞാൻ ഇതിനെസംബന്ധിച്ചിടത്തോളം ഒരു എക്സ്പെർട്ടല്ല എന്നു പറഞ്ഞുകഴിഞ്ഞു. അതിനാൽ ഇതിൽനിന്നും ഉണ്ടാകുന്നതായ ലാഭനഷ്ടങ്ങളെപ്പറ്റി ചിന്തിക്കേണ്ട ആവശ്യം എനിക്കുവന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ലാഭമുള്ളതാണെന്നു കണ്ടാൽ കടം വാങ്ങി ചിലവു ചെയ്യുന്നതിൽ വിരോധമുണ്ടൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): ആദായത്തെ മാത്രം ഉദ്ദേശിച്ചു ചെയ്യുന്ന പ്രവൃത്തിയാണെങ്കിൽ ആദായം കിട്ടുമെന്നു ബോദ്ധ്യമുള്ള പക്ഷം, പണം കൈവശമില്ലാതിരുന്നാൽ, കടം കിട്ടുമെങ്കിൽ, വാങ്ങിച്ചു ചെയ്യാം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): മെമ്പർ ഒരു എക്സ്പെർട്ടല്ല എന്നു പറഞ്ഞു. എക്സ്പെർട്ട് പറഞ്ഞാൽ അതു വിശ്വസിക്കാൻ തയ്യാറുണ്ടൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): എന്റെ കാമൺസെൻസിനു അതു ശരിയാണെന്നു തോന്നുകയൊ അല്ലെങ്കിൽ പ്രവൃത്തി രൂപത്തിൽ വരികയൊ ചെയ്യുകയാണെങ്കിൽ ഞാൻ വിശ്വസിക്കാം. എക്സ്പെർട്ട് പറയുന്നതെല്ലാം വിശ്വസിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. S. Subrahmanya Pillai.]

ഞാൻ തയ്യാറില്ല. ഇന്ന ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിൽ അരക്ക വിദഗ്ധൻ, തോൽ വിദഗ്ധൻ, നെയ്ത്ത വിദഗ്ധൻ തുടങ്ങി പല വിദഗ്ധന്മാരുണ്ട്. ചുരുക്കി പറയുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിലില്ലാത്ത വിദഗ്ധന്മാരില്ല. ഇവരുടെ വൈദഗ്ദ്ധ്യം കൊണ്ട ഏതെങ്കിലും നാട്ടിലേക്ക ഗ്രണമുണ്ടായിട്ടുണ്ടോ? ഇല്ല. ഇതിൽ ഒരു വിദഗ്ധനൊ മറെറാ എവിടെയൊ പള്ളിക്കൂടം വാദ്ധ്യാരായിരിക്കുന്ന പോലും. ഏതായാലും വിദഗ്ധൻമാർ പറയുന്നതിൽ, ഇന്നത്തെ അനുഭവം കൊണ്ട നോക്കുന്നതായിരുന്നാൽ, എനിക്ക വലിയ വിശ്വാസമില്ല. വിദഗ്ധന്മാരല്ല സാമാന്യക്കാരായിരുന്നാലും അവരെകൊണ്ട വല്ല നന്മയും നാട്ടിനുണ്ടാകുമെങ്കിൽ അവരുടെ അഭിപ്രായമാണ് ഞാൻ കൂടുതൽ പ്രയോജനകരമായി കരുതുന്നത്. ഇപ്പോഴത്തെ വ്യവസായ ഡയറക്ടർ ഒരു ൽകൃഷ്ട വിദ്യാഭ്യാസം സമ്പാദിച്ചിട്ടുള്ളയാളും നല്ല പരിശ്രമശീലനും ആയതിനാൽ അദ്ദേഹം ജനങ്ങൾക്കുപയോഗപ്രദങ്ങളായ വല്ല വ്യവസായങ്ങളും കണ്ടുപിടിച്ച നടപ്പിൽ വരുത്തിയേക്കുമെന്ന നമുക്കാശിക്കാം. അതിനാൽ പ്രായോഗികമായി വല്ലതും കാണിച്ച തരുന്നപക്ഷം അതു സ്വീകരിക്കുന്നതിൽ എനിക്ക വിരോധമില്ല.

MR. M. P. MADHAVAN PILLAI (*Tiruvalla*): സാമ്പത്തികാധഃപതനത്തിനു ഒരു ശമനം വരുന്നതുവരെ ഈ പദ്ധതി നിറുത്തിവച്ചാൽ മതി എന്നെ മെമ്പർക്കഭിപ്രായമുള്ളൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): അതെയുള്ളു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): സാമ്പത്തികാധഃപതനം കഴിയുന്നതുവരെ മറു ജോലികളും നിറുത്തിവയ്ക്കുമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*) അത്യാവശ്യമായിട്ടുള്ളതു നിറുത്തിവയ്ക്കാൻ സാധിക്കുകയില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ആവശ്യമായിട്ടുള്ളതെന്താണു നിറുത്താവുന്നത്? അത്യാവശ്യമായിട്ടുള്ളതെന്താണ് നിറുത്താൻ പാടില്ലാത്തത്?

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഇന്നത്തെ മി: ആശാൻ പറഞ്ഞതുപോലെ പാൽപായസം വേണമെന്നുള്ള ആഗ്രഹം നിറുത്താം; കഞ്ഞിയെങ്കിലും കുടിക്കണമെന്നുള്ള അത്യാവശ്യം നിറുത്താൻ സാധിക്കുകയില്ല. ഇവിടെ എലക്ട്രിക്ക് വെളി

LIBRARY ARCHIVES Kerala Legislative Assembly

ച്ചും അത്യാവശ്യമായിട്ടുള്ള ഒന്നല്ല. അതിനാൽ അതിനായി പണം തല്ക്കാലം ചിലവു ചെയ്യാതെ ഈ രാജ്യത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉപയോഗപ്രദമായ വിധത്തിൽ എന്തെങ്കിലും ചെയ്യേണ്ടതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മെമ്പർ എക്സ്പെർട്ടു് പറഞ്ഞാലും വിശ്വസിക്കയില്ല, എക്സ്പെർട്ടല്ലാത്തവർ പറഞ്ഞാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു. പിന്നെ ആരു പറഞ്ഞാൽ വിശ്വസിക്കാം?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): മെമ്പർ അതു തെറ്റി ധരിച്ചു എന്നാണു് തോന്നുന്നതു്. ഞാൻ പറഞ്ഞതു എക്സ്പെർട്ടു പറഞ്ഞാലും എന്റെ കാമൺസെൻസിനു ശരിയായി തോന്നുകയൊ പ്രവൃത്തിരൂപത്തിൽ വരികയൊ ചെയ്യുകയാണെങ്കിൽ മാത്രമെ ഞാൻ വിശ്വസിക്കയുള്ളു എന്നാണു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഈ സ്കീം വെളിച്ചത്തിനു മാത്രമല്ല, കൃഷിക്കു വെള്ളം വറ്റിക്കുന്നതിനും, തൊഴിൽശാലകൾ നടത്തുന്നതിനും കൂടിയാണു് ഉപയോഗപ്പെടുന്നതെന്നു ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിലുണ്ടായിരുന്നതായി മെമ്പർക്കറിയാമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): നാമെല്ലാവരും ഫിനാൻഷ്യൽ സെക്രട്ടറിയുടെ ബഡ്ജറ്റിനെക്കുറിച്ചു തന്നെയാണു് വിമർശനം ചെയ്യുന്നതു്.

MR. P. S. MAHOMED (*Nominated*): ഗവണ്മെൻറു് ഏർപ്പെടാൻ പോകുന്നതു് ഒരു സ്കീമിലേഷനിലല്ലെ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): എന്നാണു് ഞാൻ വിചാരിക്കുന്നതു്.

MR. P. S. MAHOMED (*Nominated*): ഒരു സ്കീമിനു വേണ്ടി പണം ഇറക്കുന്നതിനു വിധത്തിലുള്ളതാണൊ നമ്മുടെ ഇന്നത്തെ സാമ്പത്തിക നില?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): അല്ല. അതു തന്നെയാണു ഞാനും പറയുന്നതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): തിരുവിതാംകൂറിൽ കൃഷിക്കുപയോഗമുള്ള സകല ഓടകളും കലുങ്കുകളും കെട്ടി കഴിഞ്ഞതിനു ശേഷമെ ഈ മാതിരിയുള്ള പണികൾ തുടങ്ങാവു എന്നാണൊ മെമ്പർ വിചാരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*) : അങ്ങനെയല്ല. ഞാൻ പറയുന്നതു മെമ്പർ പറയുന്നതു പോലെയാണെങ്കിൽ ഒരു കാര്യവും ഇവിടെ നടപ്പിൽ വരുത്താൻ സാധിക്കുകയില്ലല്ലൊ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ നാന്നു ലക്ഷംരൂപായും ചിലവാക്കാതെ നീക്കി ഇരിപ്പു വയ്ക്കുന്നതു മെമ്പർക്കു സമ്മതമാകുമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): നീക്കിയിരിപ്പു വയ്ക്കാൻ സാധിക്കാത്ത നിലയിലാണല്ലൊ ഇന്നത്തെ സാമ്പത്തികസ്ഥിതിയിരിക്കുന്നതു്. മുപ്പത്തിആറൊമുക്കാൽ ലക്ഷം രൂപായും ഒന്നിച്ചല്ല ചിലവാക്കാൻ പോകുന്നതു്. അടുത്ത ആണ്ടിൽ നാലക്ഷംരൂപാ മാത്രമെ ചിലവാക്കാൻ ഉദ്ദേശിച്ചിട്ടുള്ളു എന്നാണു് കാണുന്നതു്.

MR. K. KRISHNAN NAYAR (*Pattanamtitta*) : തൊഴിലില്ലാതെ അനവധിയാളുകൾ അലഞ്ഞു നടക്കുന്നുണ്ടെന്നറിയാമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*) : തെക്കൻ ഡിവിഷനിലും മറും തൊഴിലില്ലാതെ അനവധിയാളുകൾ ബുദ്ധിമുട്ടുന്നുണ്ടെന്നു അറിയാം. ഈ വിവരം പോലീസ് ഭരണ റിപ്പോർട്ടിലും വിദ്യാഭ്യാസഭരണ റിപ്പോർട്ടിലും കൂടി ചൂണ്ടി കാണിച്ചിട്ടുണ്ടല്ലൊ.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : വടക്കൻ ഡിവിഷനിലും തൊഴിലില്ലായ്മ ധാരാളം ഉണ്ടെന്നറിയാമൊ?

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*) : വളരെയുണ്ടായിരിക്കാം. ഞാൻ ഉദാഹരണമായി മാത്രം തെക്കൻഡിവിഷനെ എടുത്തു പറഞ്ഞുവെന്നെയുള്ളു.

ഏതായാലും ഈ സാമ്പത്തികാധഃപതനകാലത്തു ഇങ്ങനെയുള്ള വേലകൾ നിറുത്തിവച്ചിട്ടു കൃഷിക്കാക്കാവശ്യമുള്ളതായ കലുങ്കുകൾ, തോടുകൾ, കിണറുകൾ, റോഡുകൾ മുതലായവ വെട്ടിച്ചും വെട്ടിയിട്ടുള്ളവയെ ശരിയായി നന്നാക്കിച്ചും കൊടുക്കുന്നതിനു ആജ്ഞാപിക്കേണ്ടതാണു് എന്നു ഞാൻ ഗവണ്മെൻറിനോടപേക്ഷിച്ചു കൊള്ളുന്നു. പേച്ചിപ്പാറ അണയുടെ കാര്യം ഗവണ്മെൻറിന്റേയും ചീഫ് എൻജനീയരുടെയും ശ്രദ്ധയിൽ പ്രത്യേകം പതിയണമെന്നു ഒരിക്കൽക്കൂടി അപേക്ഷിക്കുന്നതിനു ഞാൻ നിർബന്ധിതനായിത്തീരുന്നു.

MR. K. KUNJUKRISHNA PILLAI (*Quilon*) : Sir, I rise to a point of order. The member has exceeded the time limit.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: I am watching the time. He has got 10 seconds more.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഇനിയും പല സംഗതികളും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാനുണ്ടെങ്കിലും സമയം അനുവദിക്കാത്തതിനാൽ തല്ക്കാലം പള്ളിവാശൽ ഹൈഡ്രോ ഇലക്ട്രിക് സ്കീം നിറുത്തിവച്ചും പേച്ചിപ്പാറ അണയിൽ ചെയ്യേണ്ടതായ ജോലികൾ ഉടനടി നടത്തിച്ചും കൃഷിക്കാക്കു വേണ്ടതായ തിക്കണംകോട്ടകാൽ, പട്ടണം കാൽമുതലായ തോട്ടകൾ വെട്ടിച്ചും വേണ്ട സൌകര്യങ്ങൾ ജനങ്ങൾക്കു ചെയ്തു കൊടുക്കേണ്ടതാണു്.

PRESIDENT: Your time is up, Mr. Subrahmanya Pillai.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഇതുയും പ്രസ്താവിച്ചു കൊണ്ടു തൽക്കാലം വിരമിച്ചു കൊള്ളുന്നു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പബ്ലിക്കിന്റെ നാമത്തിൽ രാജ്യകാര്യങ്ങളെ വിമർശിച്ചു ജനങ്ങളുടെ ക്ഷേമത്തെയും, രാജ്യനന്മയെയും, ഭരണാധികാരികളുടെ സൽകീർത്തിയെയും ബാധിയ്ക്കുന്നവയെ ഉള്ളതു് ഉള്ളപോലെ പൂണ്ടിക്കാണിയ്ക്കുയും പ്രതിവിധി നിർദ്ദേശിക്കയും ചെയ്യാൻ ജനപ്രതിനിധികൾക്കു കിട്ടുന്ന പ്രധാന അവസരം ഇതാണല്ലൊ. ഈ അവസരത്തിൽ യഥാർത്ഥത്തെ മൂടിവയ്ക്കാതെ തുറന്നു പറയേണ്ടതു് മഹാരാജാവുതിരുമനസ്സിലെ നേക്കും, രാജ്യത്തോടും, പൊതുജനങ്ങളോടും, ഉള്ള പ്രതിനിധികളുടെ ഒഴിച്ചു കൂടാത്ത കടമയാകുന്നു. കഴിഞ്ഞ കാലങ്ങളിലെ സ്ഥിതി നോക്കിയാൽ ഇതു കൊണ്ടു സാരമായ പ്രയോജനം ഇല്ലെന്നു മാത്രമല്ല, സ്വയംകൃതാനർത്ഥം ഉണ്ടാക്കുകയാണെന്നു് ഈ സഭയിലെഏറ്റവും പഴയ പ്രതിനിധിയെന്ന നിലയിൽ അനുഭവത്തിൽ നിന്നു എനിക്കു പറയുവാൻ കഴിയും. അധികാരം വഹിയ്ക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ഭരണവൈകല്യങ്ങളെയും, തെറ്റുകളെയും, വെളിപ്പെടുത്തേണ്ടതു കൊണ്ടും, അതവരിൽ പലക്കും വിദ്വേഷത്തെയും പ്രതികാരബുദ്ധിയെയും ജനിപ്പിക്കുന്നതുകൊണ്ടും, യഥാർത്ഥജനപ്രതിനികളുടെ നില വളരെ ശോചൽക്കരമാണു്. അധികാരങ്ങളെല്ലാം ഉദ്യോഗസ്ഥന്മാരിലിരിയ്ക്കുന്നു. അധികാരത്തിനു വിധേയമാണല്ലൊ സർവ്വും. അവരെ പ്രശംസിച്ചാ, അവരുടെ ദോഷങ്ങൾ ഗുണങ്ങളാണെന്നു പറഞ്ഞാ, ഇഷ്ടം സമ്പാദിച്ചില്ലെങ്കിൽ തങ്ങളുടെ കാൺസ്റ്റിറ്റ്യൂവെൻസിക്കു മാത്രമല്ല തങ്ങളുടെ ജീവിതമാർഗ്ഗങ്ങൾക്കു കൂടിയും പലതരത്തിലുള്ള വിഷമങ്ങളും ദുർഘടങ്ങളും ഉദ്യോഗസ്ഥന്മാർക്കു് ഉണ്ടാക്കാൻ കഴിയും. അതിനു സഹായിക

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ളായ സേവകന്മാരും അവക്കു സ്വീകാര്യമാണും. മിക്ക ഉദ്യോഗസ്ഥന്മാരും തങ്ങളുടെയും തങ്ങളുടെ ചാപ്പുക്കാരുടെയും, സജാതിക്കാരുടെയും, ഗുണത്തെ സർവ്വപ്രധാനമായി കരുതുന്നു. നീതിയെ ഗണിയ്ക്കുന്നില്ല. ആ നിലയിലാണ് ഉദ്യോഗസ്ഥവർഗ്ഗത്തിന്റെ ഇപ്പോഴത്തെ സ്ഥിതി. ഞാനും ചില ഉദ്യോഗസ്ഥന്മാരെ സ്തുതിച്ചാൽ ചില ഗുണങ്ങൾ എനിയ്ക്കും ഉണ്ടാക്കാം. സത്യം ഉറന്നു പറയുന്നതുകൊണ്ടു് വലിയ നഷ്ടങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചിട്ടുള്ള ഒരു ജനപ്രതിനിധിയാണ് ഞാൻ. എന്നാൽ എനിയ്ക്കതിൽ സന്തോഷമെയുള്ളൂ; ഖേദം ഇല്ല. നീതിയ്ക്കു വേണ്ടി പാടുപെടുന്നവരെ ആശ്വസിപ്പിയ്ക്കുന്ന ഒരാദർശവാക്യം എനിക്കാശ്വാസം നൽകുന്നുണ്ടു്. "ഞാൻ എന്റെ കൃത്യത്തെ ചെയ്യുകയും സത്യത്തിനും നീതിയ്ക്കും വേണ്ടി പരിശ്രമിയ്ക്കുകയും ചെയ്യും". ജനങ്ങൾ എന്നിൽനിന്നു പ്രതീക്ഷിയ്ക്കുന്നതു് അതാണ്. ഇന്നു ഉദ്യോഗസ്ഥന്മാരാണ് ഇവിടെ മിക്കകാര്യങ്ങളെയും നയിയ്ക്കുന്നപ്രമാണികർ. അവരുടെ ഇഷ്ടം സമ്പാദിച്ചവക്കു സർവ്വത്ര വിജയം. അനിഷ്ടത്തിനു പാത്രമായവക്കു പരാജയം. ഇങ്ങനെ വഞ്ചിരാജ്യമാകുന്ന വഞ്ചി ഉദ്യോഗസ്ഥന്മാരുടെ വശത്തു ഭാരം വർദ്ധിച്ചു ചാഞ്ഞു അനീതിയാകുന്ന സമുദ്രത്തിൽ ആണ്ടുപോകത്തക്കവണ്ണമുള്ള ഒരു ഘട്ടത്തിൽ എത്തിയിരുന്നതു കണ്ടാണ് ഈ രാജ്യത്തെ വിവിധവർഗ്ഗങ്ങൾക്കു യാതൊരു ബന്ധവും ഇല്ലാത്ത നീതിമാനായ ഒരു യൂറോപ്യൻ സിവിലിയനെ ദിവാൻജിയായി വരുത്തണമെന്നു കഴിഞ്ഞ ബഡ്ജറ്റു കാലത്തു ഞാൻ പ്രസ്താവിച്ചതു്. ഭൂരിപക്ഷം ജനത്തിന്റെയും ഹിതം അപ്രകാരം ആയിരുന്നതുകൊണ്ടു ക്രൂടിയാണ് ഞാൻ അങ്ങനെ പറഞ്ഞതു്. മഹാരാജാവു തിരുമനസ്സിലെ കാരുണ്യത്താൽ അതു ഫലിച്ചു എങ്കിലും ഉദ്യോഗസ്ഥന്മാരുടെ ജാതിപക്ഷപാതത്തിനും അഴിമതികർമ്മങ്ങൾക്കും വർദ്ധനയല്ലാതെ കുറവില്ല. അസമതലസമുദായങ്ങൾ പൂർവ്വാധികം സങ്കടപ്പെടുന്നു. എന്നാലിനിയും ആശ കെട്ടിട്ടില്ല. ദിവാൻ ക്രമേണ സത്യസ്ഥിതി മനസ്സിലാക്കി നീതിയും സമാധാനവും പരിപാലിയ്ക്കുമെന്നു തന്നെയാണ് ബഹുജനങ്ങൾ പ്രതീക്ഷിയ്ക്കുന്നതു്. ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർ മിക്കവരും സെക്രിട്ടറിയേറ്റിന്റെ ഭൂരിപക്ഷവും അസമതലസമുദായങ്ങൾക്കു ഗുണകരമായ രീതിയിലല്ല. കൂടുതൽ കൂടുതൽ ഭയാനകമായ നിലയിലാണ് കാണപ്പെടുന്നതു്. അവരുടെ അഭിപ്രായങ്ങളെ പൂർണ്ണമായി വിശ്വസിച്ചാൽ സങ്കടം വർദ്ധിക്കയെ ഉള്ളൂ. നീതി സർവ്വത്ര

LIBRARY ARCHIVES Kerala Legislative Assembly

മറിഞ്ഞു പോകയും ചെയ്യും. ജനങ്ങളൊ ജനപ്രതിനിധികളൊ നിർദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു സെക്രിട്ടറിയേറ്റിൽ ഉള്ള ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങളെ മാത്രം വച്ചു കൊണ്ടു ഗവണ്മെൻറ് ഒന്നും ചെയ്യരുതെ. അങ്ങനെ ചെയ്താൽ ജനങ്ങൾക്കു വലിയ കഷ്ടതയും സങ്കടവും നേരിട്ടും. ദിവാൻ തന്നെ ഫയലുകൾ ശരിയായി നോക്കി സെക്രിട്ടറിമാരുടെ നോട്ടുകളുടെ ചാച്ചിൽ കണ്ടു് അവരെ മനസ്സിലാക്കണം.

രാജ്യം സാമ്പത്തികവിഷമംകൊണ്ടു് അവശതയിൽ ഇരിക്കുമ്പോൾ എന്താണു് നടക്കുന്നതു്? വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുക, ജനങ്ങളുടെമേൽ നികുതിഭാരം വർദ്ധിപ്പിക്കുക ഇവകളല്ലയൊ? ഈ സാമ്പത്തികവിഷമം ആരംഭിച്ചതിനുശേഷം ഗവണ്മെൻറിൻെറ സാമ്പത്തികമനസ്സാക്ഷിയുടെ രക്ഷകനായ ഫിനാൻഷ്യൽസെക്രിട്ടറിയുടെ ശമ്പളനിരക്കു ക്രമത്തിലധികമായി വർദ്ധിപ്പിച്ചിരിക്കുന്നു. ❽ ൦ രൂപാ പ്രതിവർഷം കൂട്ടേണ്ട പതിവുവിട്ടു ൨ ൦ ൦ രൂപാ കൂട്ടിക്കൊടുത്തിരിക്കുന്നു. അതുപോലെതന്നെ ചീമെമ്പരുടെ ശമ്പളം അറുനൂറിൽനിന്നു മുന്നൂറു രൂപാകൂട്ടി തൊള്ളായിരം ആക്കിയിരിക്കുന്നു. കൃഷിഡയറക്ടർക്കു മുൻപു കൃഷിഡയറക്ടരെന്ന നിലയിൽഉണ്ടായിരുന്നജോലിയെക്കാൾ ജോലി വളരെ കുറവാണു്. സെൻസസ് കോവാപ്പറേറിവു് എന്നീ ഡിപ്പാർട്ടുമെൻറുകളുടെ മേലധികാരം മാത്രമെ ഇപ്പോൾ വഹിക്കുന്നുള്ളു. സെൻസസ്ജോലി മിക്കവാറും തീർന്നെങ്കിലും അദ്ദേഹത്തിനും ശമ്പളം കൂട്ടിയും അലവൻസ് നൽകിയും എഴുനൂറിൽനിന്നു് ആയിരം ആക്കിയിരിക്കുന്നു. അക്കിംഗ് കൃഷിഡയറക്ടർക്കു സ്ഥിരം ഡയറക്ടരുടെ സ്ഥലയിലായ ഇരുനൂറു, അൻപതുമുതൽ നാനൂറുവരെ എന്നതു വിട്ടു ❽ ൦ ൦ മുതൽ ൯ ൦ ൦ വരെ ആക്കി. ഇതാ പൊളിറിക്കൽ സെക്രിട്ടറി എന്നൊരുദ്യോഗം സൃഷ്ടിച്ചു് ആ വിധത്തിലും ശമ്പളം വർദ്ധിപ്പിച്ചിരിക്കുന്നു. എത്ര ഭയങ്കരം! ഈ വിധത്തിലെല്ലാം ശമ്പളം വർദ്ധിപ്പിക്കേണ്ട ഘട്ടം ഇതാണൊ? ശമ്പളം കുറയ്ക്കണം എന്നാൽ മാത്രമെ നികുതിഭാരത്തിൽനിന്നു രക്ഷകിട്ടു എന്നു ജനങ്ങൾ സങ്കടം പറയുമ്പോൾ ഈവിധത്തിൽ ചെയ്തതെത്ര കഷ്ടമായിപ്പോയി. ജനപ്രതിനിധികളുടെ അഭിപ്രായം അറിഞ്ഞാണൊ ഈവിധം ചെയ്തതു്? ഇതൊക്കെ നമ്മുടെ രാജ്യത്തിൻെറ സ്ഥിതിക്കു വഹിക്കാവുന്നതാണൊ? ഇതു് ജനങ്ങളുടെ നികുതിഭാരം വർദ്ധിപ്പിക്കുന്നതിനു കാരണമല്ലെ? ചില ഉദ്യോഗസ്ഥന്മാർ യഥാർത്ഥത്തിൽ യോഗ്യതയുള്ളവരും കൂടുതൽ ശമ്പളം അർഹിക്കുന്നവരുമായിരിക്കാം. അങ്ങനെയുള്ളവരെ പഴയ സ്ഥാനങ്ങളിൽ കൂട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

തൽശമ്പളം കൊടുത്തു ഉറപ്പിക്കയല്ല വേണ്ടതു്. ക്രൂതൽ ശമ്പളമുള്ള സ്ഥാനങ്ങളിൽ കയറുകയായിരുന്നു വേണ്ടിയിരുന്നതു്.

MR. N. K. KRISHNA PILLAI (*Neyyattinkara*): പൊളിറ്റിക്കൽ സെക്രിട്ടറിയുടെ കാര്യം മെമ്പർ പറഞ്ഞു; അതുപോലെ പൊളിറ്റിക്കൽ അഡ്വൈസറുടെ കാര്യമെന്താണു പറയാത്തതു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതുംപറയും. ആ ഉദ്യോഗവും ഇപ്പോൾ ആവശ്യമില്ല. ലാമെമ്പർ യോഗ്യനായ ഒരുദ്യോഗസ്ഥൻ തന്നെ ഞാൻ സമ്മതിക്കുന്നു. അദ്ദേഹത്തിനെ ക്രൂതൽ ശമ്പളമുള്ള ഹൈക്കോർട്ടിലേക്കു നിയമിക്കാമായിരുന്നു. അല്ലാതെ ഈ സ്ഥാനത്തു വച്ചു ശമ്പളം വർദ്ധിപ്പിച്ചതു ശരിയല്ല. ഉപയോഗമില്ലാത്ത കൃഷി ഡയറക്ടരുദ്യോഗത്തിനു ശമ്പളം കൂട്ടിയതു വലിയ പിശകാണു.

വ്യയനിയന്ത്രണത്തിനാണല്ലൊ റിട്രഞ്ചുമെൻറു കമ്മിറ്റി ഏർപ്പെടുത്തിയതു്. ആ കമ്മിറ്റി ചില്ലറ ഉദ്യോഗസ്ഥന്മാരായ ശിപായിതുടങ്ങിയുള്ളവരുടെ എണ്ണം കുറച്ചു അവരെ കഷ്ടപ്പെടുത്തുകയാണു ചെയ്തതു്. കമ്മിറ്റി സ്ഥാപിച്ചിട്ടു വളരെനാളായി. അവരുടെ പ്രവൃത്തി ജനങ്ങൾക്കു് ആശയെക്കാൾ നിരാശയെയാണു് ഉണ്ടാക്കിട്ടുള്ളതു്.

MR. JOSEPH KUNJU (*Changanachery cum Peermade*): റിട്രഞ്ചുമെൻറുകമ്മറ്റിക്കാർ ശിപായിമാരുടെ ശമ്പളം കുറച്ചൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ശമ്പളം കുറച്ചില്ല ആളുകളെകുറച്ചു ശമ്പളം തീരെ ഇല്ലാതെയാക്കി. പലസാധുകുടുംബങ്ങളെ ദാരിദ്ര്യക്കുണ്ടിൽവീഴ്ത്തി. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമൊന്നംതന്നെ കുറച്ചുമില്ല. കുറയ്ക്കാനുള്ള അഭിപ്രായപോലും അവരിൽനിന്നു ഇപ്പോൾ പ്രതീക്ഷിക്കാമൊ? അവക്കു ക്രൂരവാനെ സാധിക്കു.

MR. S. KRISHNA PILLAI (*Karunagapalli*): റിട്രഞ്ച്മെൻറുകമ്മറ്റിയുടെ ശുപാർശകളധികവും ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ലെന്നു മെമ്പർക്കറിയാമൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): സാധാരണ എല്ലാ കമ്മറ്റികളുടെ കാര്യങ്ങളിലും അങ്ങനെയാണു ഗവണ്മെൻറു ചെയ്യുകപതിവു്. കമ്മറ്റികൾ ചെയ്യുന്ന ശുപാർശകളിൽ പ്രധാനമായതൊന്നും സ്വീകരിക്കാറില്ല. ഇപ്പോഴതൊക്കെ രഹസ്യമാണു്. റിപ്പോർട്ടുവരുമ്പോഴെ ശരിയായറിയാവു.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*): ശിപായി തുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കാൻ മാത്രമെ കമ്മറിക്കാർ ശുപാർശചെയ്തിട്ടുള്ളൂ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): റിട്രഞ്ച്മെൻറുകമ്മറി ജനങ്ങൾ തിരഞ്ഞെടുത്ത മെമ്പർമാർ അടങ്ങിയിട്ടുള്ളതൊന്നല്ല. കോട്ടയം ഡിവിഷനിൽ നിന്നു ഒരുപ്രതിനിധിയുമില്ല. എന്നുതന്നെയുമല്ല ഈ ലക്ഷത്തിലധികം വരുന്ന ക്രിസ്ത്യാനികളിൽനിന്നൊ, ൫ ലക്ഷത്തിലധികമുള്ള ഈഴവരിൽനിന്നൊ, മൂന്നര ലക്ഷമുള്ള മഹമ്മദീയരിൽനിന്നൊ, ഒരാൾപോലും ഈ കമ്മറിയിൽ ഇല്ല. ഇങ്ങനെയാണു പല കമ്മറികളും. പബ്ളിക്ക് സർവ്വീസിൻെറ കഥ പറയാനുമില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പതിനായിരത്തോളം ജനസംഖ്യയുള്ള നമ്പൂതിരിമാരിൽനിന്നും ആരെങ്കിലുമുണ്ടായിരുന്നൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അയ്യ മെമ്പക്കറിയാം; അവരുടെ സംഖ്യ വളരെകുറവ്; അവക്ക് ഇതിൽ സങ്കടത്തിനു വകയുമില്ല. ഈ കമ്മറി ജനപ്രതിനിധികളൊ ജനങ്ങളൊ തിരഞ്ഞെടുത്തതല്ല. ഏറ്റവും വലിയ ജനവിഭാഗങ്ങളിൽനിന്നൊ സ്ഥലവിഭാഗത്തിൽനിന്നൊ അതിൽ ആളുമില്ല.

MR. M. P. MADHAVAN PILLAI (*Tiruvalla*): അതിലെ പ്രസിഡൻറാരായിരുന്നു?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പ്രസിഡൻറ് ഒരുദ്യോഗസ്ഥനാണ്.

ഈ ചോദ്യം വന്നപ്പോഴാണ് എനിക്കു വേറെ ഒരു കാര്യം ഓർമ്മയിൽവരുന്നതു്. പബ്ളിക്ക്സർവീസു കമ്മറി സംഘടിപ്പിച്ചിട്ടു വളരെനാളായി. എന്നാൽ അതിനു് അനക്കമൊന്നുമില്ല. സെക്രട്ടറിയായിരുന്ന ഒരാളെ നിയമിച്ചതു സംബന്ധിച്ചു് ഇവിടെ ഒരുവഴിക്കു അസ്വസ്ഥതയുണ്ടായതായി എനിക്കറിയാം. എന്നാൽ റിട്രഞ്ച്മെൻറ്കമ്മറിയിലെ സെക്രട്ടറിയും അതിൻെറ സ്റ്റാഫും അനുദ്യോഗസ്ഥമെമ്പർമാരും എല്ലാം ചില വഴ്ത്തിൽപെട്ടവർ മാത്രമാണു്. അതുപോലെതന്നെ കുഴപ്പംതീർക്കാൻ ഒരു സ്പെഷ്യൽ ടെക്സ്റ്റ്ബുക്കുകമ്മറിവച്ചു; അതിലും ഒരു ബ്രാഹ്മണനും രണ്ടുനായന്മാരും മാത്രമാണുള്ളതു്. ക്രിസ്ത്യാനൊ ഈഴവനൊ മഹമ്മദനൊ അതിൽ മെമ്പറാകാൻ പാടില്ലായിരിക്കാം. ഈ വിധത്തിൽ വഴ്ചീയമായും വഞ്ചിരാജ്യമാകുന്ന വഞ്ചി വല്ലാതെ ചരിഞ്ഞുവരികയാണു്. എല്ലാ ജനവിഭാഗങ്ങൾക്കും രാജ്യകാര്യങ്ങളിൽശരിയാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

യ അവകാശം നൽകണമെന്നു വാദിക്കുന്നതു രാജ്യനന്മയ്ക്കുവേണ്ടി യാണ്. ടെക്സ്റ്റ് ബുക്കുകളുടെ കഴപ്പും തീക്കാനേർപ്പെടുത്തിയ കമ്മറ്റി അധികകഴപ്പുമാണുണ്ടാക്കിയതെന്നാണു ജനാഭിപ്രായം. നല്ല പ്രസ്സുകളുള്ള ഈ രാജ്യത്തടിക്കാമായിരുന്ന പല പുസ്തകങ്ങളും മദ്രാസിലും മധുരയിലും ഉള്ളവക്കു കൊടുത്തു പല ലക്ഷംരൂപാ പുറത്തു കളഞ്ഞതു് ഈ ക്ഷാമകാലത്തു് ഉചിതമാണൊ? അതിൽ വസ്തീയമായും പലതു നീതികേടും നടന്നെന്നാണു് പറയപ്പെടുന്നതു്. ഈവിധത്തിലാണു് ഓരോന്നിലും അഹിന്ദുക്കളെയും അവർണ്ണരെയും അകറ്റിയും വിദേശികളെ സഹായിച്ചും വരുന്നതു്. ടെക്സ്റ്റ് ബുക്കുകമ്മറ്റിയെപ്പറ്റി പറയുന്നതു തന്നെ പറയുന്നവക്കു് എന്തെങ്കിലും ആദായമാർഗ്ഗംതുറക്കാനാണെന്നു് ഒരു പതിവായ സംസാരം ഉണ്ടു്. എന്നാൽ എനിക്കൊന്നുംവേണ്ട. ന്യായംനടക്കുവാൻ മാത്രമാണു ഞാൻ ഇതു പറയുന്നതു്. എന്തായാലും റിട്രെഞ്ച്മെൻറു് കമ്മറ്റിയിലും, ടെക്സ്റ്റുബുക്കുകമ്മറ്റിയിലും രാജ്യത്തെ ഏറ്റവും വന്നിച്ച ജനവിഭാഗങ്ങളിലും, സ്ഥലവിഭാഗത്തിൽ നിന്നും ആളുകളെ എടുക്കാതിരുന്നതു് എത്രയും ആക്ഷേപയോഗ്യവുംവളരെനാൾ ദീർഘകാലം നിലനിൽക്കുന്ന പല ദോഷങ്ങളും രാജ്യവാസികൾക്കു നേരിടുവാൻ കാരണവുമാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

രാജ്യത്തു ക്ഷാമം അതിഭയങ്കരമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കരം ഇളവുചെയ്യുന്ന സംഗതിയിൽ ഗവണ്മെൻറു് ഇതുവരെ ഒന്നും ചെയ്തില്ല. ഇപ്പോൾ കുറെഅവധി നീട്ടാമെന്നു പറഞ്ഞിട്ടുണ്ടു്. അതൊരു വലിയ കാര്യമല്ല. കരം എല്ലാംതന്നെ ഈടാക്കി. ബ്രിട്ടീഷ് മലബാർ, കൊച്ചി തുടങ്ങിയ രാജ്യങ്ങളെ അപേക്ഷിച്ചു വലിയ നികുതിഭാരമാണു് ഇവിടെ ജനങ്ങളിൽ ചുമത്തിയിരിക്കുന്നതു്. തെങ്ങിൽനിന്നും കിട്ടുന്ന എല്ലാ സാധനങ്ങൾക്കും, കരുമുളക്, ചുക്കു്, പാക്കു്, പുളി, കരുപ്പുകട്ടി ശർക്കര തുടങ്ങിയുള്ള മിക്കകൃഷ്കവിഭവങ്ങൾക്കും കയറുമതി തീരുവ വച്ചിട്ടുണ്ടു്: ഇതെല്ലാം കൃഷിക്കാരുടെ പിടലിയിലാണു് തുങ്ങുന്നതു്. ഇവിടെയും ബ്രിട്ടീഷ് മലബാർ, കൊച്ചി ഈ സംസ്ഥാനങ്ങളിലെപോലെ വൃക്ഷക്കരം ഒഴിച്ചു് ഒന്നര മുതൽ രണ്ടുരൂപാ വരെ പുരയിടങ്ങൾക്കു നികുതിഉണ്ടു്. കൃഷിഉല്പന്നങ്ങളിന്മേലുള്ള ഈ കയറുമതി തീരുവ കൂടി കൂട്ടുമ്പോൾ ഏക്കറിനു് എട്ടു രൂപായിലധികം കരം വരുന്നു. ഈ തീരുവ മറ്റുരാജ്യങ്ങളില്ല. ഇങ്ങനെ അനേകകാലമായി കൊടുത്തുകൊണ്ടിരിക്കുന്ന ഈ പ്രജാസഞ്ചയത്തിനു വലിയ സങ്കടം വന്നിരിക്കുന്ന ഈ അവസരത്തിൽ കയറുമതിതീരുവ ഒന്നു നിറുത്തിവയ്ക്കരുതൊ? ഭൂനികുതി ഒരു പൂവിലെയെങ്കിലും ഇളവുചെയ്തുകൊടുത്തു ജനങ്ങളെ സമാശ്വസി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കരുതൊ? ഇങ്ങനെവരുന്ന കുറവു പരിഹരിക്കാനായി വലിയ ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ശമ്പളനിരക്കും കുറയ്ക്കണമെന്ന ജനാഭിപ്രായത്തെ സ്വീകരിക്കരുതൊ? ഇതിലേക്ക ഗവണ്മെൻറിനെവലിയ ഉദ്യോഗസ്ഥന്മാർ ഉപദേശിക്കുവാൻ ഗവണ്മെൻറ് കാത്തിരിക്കയാണൊ? അവരുടെ ആദായത്തിനൊ പ്രതാപത്തിനൊ കുറവുവരുമെന്ന കരുതി ആവിധം ഉപദേശങ്ങളം നൽകുവാൻ അവർ സന്നദ്ധരാകയില്ലെന്നും അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും സ്വന്ത ആളുകളെ ശമ്പളത്തിൽ വയ്ക്കുന്നതിനായി ക്രൂടതൽ ഉദ്യോഗങ്ങളം സൃഷ്ടിക്കുന്നതിനുമല്ലാതെകുറക്കുന്നതിന അവർ ഉപദേശിക്കയില്ലെന്ന ഗവണ്മെൻറിനറിഞ്ഞുകൂടയൊ? വരിൽ എത്രപേർ കൃത്യനിഷ്ടയും ചുമതലബോധവും സമസ്തവർഗ്ഗങ്ങളോടും സമഭാവനയും ഉള്ളവരായുണ്ടെന്ന ഗവണ്മെൻറ് അവരിൽ ഓരോരുത്തരുടെയും പ്രവൃത്തികളിലും അഭിപ്രായങ്ങളിലുംനിന്ന സൂക്ഷിച്ച മനസ്സിലാക്കിയിട്ടുണ്ടൊ? ഹാ കഷ്ടം! ഇവിടുത്തെ ഉദ്യോഗസ്ഥന്മാരിൽ അധികം പങ്കും പൊതുജന നന്മ നോക്കുന്നില്ലെന്നും, അവരുടെയും അവരുടെ ചാർച്ചക്കാരുടെയും ഗുണത്തെ ലാക്കാക്കി മാത്രമെ പ്രവർത്തിക്കുന്നുള്ള എന്നുമാണ ജനാഭിപ്രായമെന്ന ജനപ്രതിനിധി എന്ന നിലയിൽ സങ്കടത്തോടെ എങ്കിലും എനിക്ക പറയേണ്ടിയിരിക്കുന്നു; ഉദ്യോഗനിയമനലിസ്റ്റ് തന്നെ അവരുടെ മനസ്ഥിതിയുടെ മാനദണ്ഡമാണ്.

MR. K. GOPALAKRISHNA PILLAI (*Parur*) : അതു ഗവണ്മെൻറിനു കണ്ടാൽ മനസ്സിലാകയില്ലെ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഗവണ്മെൻറ എന്നുവച്ചാൽ ഒരുവിധത്തിൽ ഉദ്യോഗസ്ഥന്മാരുടെ സമൂഹമെന്നും അർത്ഥമുണ്ടല്ലൊ. പ്രജാക്ഷേമതല്പരനായ മഹാരാജാവു തിരുമനസ്സിലെയും അവിടുത്തെ മന്ത്രിയെയും ജനങ്ങളുടെ കഷ്ടതകളെപ്പറ്റി ധരിപ്പിക്കേണ്ടതു ഗവണ്മെൻറിനെ ഉപദേശിക്കുന്ന പ്രധാന ഉദ്യോഗസ്ഥന്മാരാണ്. അവരിൽ അധികംപേരും വർഗ്ഗീയമനസ്ഥിതിക്കധീനന്മാരുമാണ്. എന്നാൽ ചില യോഗ്യന്മാരും ഇല്ലാതെയില്ല. ദിവാൻ ശ്രദ്ധിച്ച് ഇവരെ മനസ്സിലാക്കിയും, അനീതിക്കാരെ ശാസിച്ചും, ശിക്ഷിച്ചും, ശരിപ്പെടുത്തണം. അതിലേക്ക വിവിധസമുദായങ്ങളിൽപ്പെട്ട ജനപ്രതിനിധികളിൽനിന്നും പൌരപ്രമാണികളിൽനിന്നും കാര്യങ്ങൾ ശരിയായി ഗ്രഹിച്ചും, ആലോചിച്ചും, ജാഗ്രതയോടെ പ്രവർത്തിക്കണം. അല്ലെങ്കിൽ വലിയ കുഴപ്പങ്ങളും അനീതികളുംനടക്കും. ജനങ്ങൾക്ക രക്ഷയില്ലാതെ വരികയുംചെയ്യും. പലഉദ്യോഗസ്ഥന്മാരും സ്വാർത്ഥത്തിനുവേണ്ടി ഗവണ്മെൻറിനെ വഴിതെറ്റിക്കാൻ വലിയ സമർത്ഥന്മാരാണ്. സാധുജനങ്ങൾ തൊഴിലില്ലാതെ അനവധിപേർ കഷ്ടപ്പെടുന്നു. അവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjit mman.]

ക്കു തൊഴിലിനും ജനക്ഷേമത്തിനും ഉതകുന്ന ഒന്നാണു പള്ളിവാശൽ ഹൈഡ്രോ എലക്ട്രിക്ക് സ്കീം. ഇതു നടപ്പിൽ വരുത്തുന്നതുകൊണ്ടു കൃഷിക്കാർക്കും കച്ചവടക്കാർക്കും വ്യവസായികൾക്കും സാരമായ പ്രയോജനം ഉണ്ടാകുന്നതാണ്. ഞാൻ മൈസൂരിൽചെന്ന് അവിടത്തെ എലക്ട്രിക്ക് പദ്ധതികണ്ടു മനസ്സിലാക്കുകയും അവിടെ അതുകൊണ്ടുള്ള പ്രയോജനം ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. വടക്കോട്ടുള്ള റയിൽവെ പണിയും പള്ളിവാശൽ ഹൈഡ്രോ എലക്ട്രിക്ക് സ്കീമും തുടങ്ങുന്നപക്ഷം എത്രയൊ കുലിക്കാർക്കു രക്ഷക്കു മാർഗ്ഗമുണ്ട്. വാട്ടർവക്ക്സ്, ടെലിഫോൺ, എലക്ട്രിക്ക് ലൈറ്റ്, ചാക്കൈ-തമ്പാനൂർ റെയിൽവെ, ഇവയ്ക്കു ഏകദേശം ഒരുകോടി രൂപയോളം ഗവണ്മെൻറ് തലസ്ഥാനത്തു ചിലവുചെയ്തു. വാട്ടർവക്ക്സിന്റെ ശുചീകരണ കുഴലുകൾക്കും മറ്റുമായി ഇനിയും കാൽകോടി ചിലവുചെയ്യണം. എല്ലാംകൂടി ഒന്നരക്കോടിയോളം രൂപാ ചിലവുവരും. എന്നാൽ അതിന്റെ മുക്കാൽഭാഗം മാത്രമുണ്ടായിരുന്നാൽ കൊച്ചി ഹാർബറിലേക്ക് റയിൽവെ തുറക്കാമായിരുന്നു. കൊച്ചി ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഏറ്റവും പ്രധാനമായ തുറമുഖങ്ങളിലൊന്നായിത്തീരാൻ പോകുകയാണ്. കൊച്ചി സർക്കാർ തിരുവിതാംകൂറിനെപ്പോലെ സാമ്പത്തികശക്തിയുള്ള ഒന്നല്ലെങ്കിലും അവർ രാജ്യത്തു പണ്ടെ നെടുനീളെ റയിൽവെ നീട്ടി ഇപ്പോൾ അതു ബ്രൊഡ്ഗേജ് ആക്കുവാൻ തുടങ്ങിയിരിക്കുന്നു. പരിഷ്കൃതരാജ്യത്തിന്റെ ഒരു പ്രധാന ലക്ഷണം രാജ്യത്തിന്റെ മദ്ധ്യത്തുകൂടി ഒരറ്റം മുതൽ മറെറാരറ്റംവരെ റയിൽവെ ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ രാജ്യം ഒരു പരിഷ്കൃതരാജ്യമാണെന്നും വിദ്യാഭ്യാസത്തിലേറ്റവും മുന്നണിയിൽനിൽക്കുന്നു എന്നും മറും നമുക്കഭിമാനിക്കാമെങ്കിലും രാജ്യത്തിന്റെ മദ്ധ്യത്തുകൂടി ഒരു ടങ്കലയിൻറയിൽവെ തുറക്കുവാൻ നമുക്കിനിയും സാധിക്കാത്തതുകഷ്ടംതന്നെ. ചെങ്കോട്ട റയിൽവെ ഇന്നു നഷ്ടത്തിലാണിരിക്കുന്നതു്. ബസ്സുകൾ അനവരതം ഓട്ടുന്നരാജ്യത്തെ നല്ല റോഡുകളുടെ പ്രദർശനരംഗമായ നാഗർകോവിലിലേക്ക് റയിൽവെ തുറക്കുവാൻ പോകുന്നതായി കേൾക്കുന്നു. എന്നാലതു് ഇപ്പോൾ തുറക്കുന്നപക്ഷം ചെങ്കോട്ട റയിൽവെ കൂടുതൽ നഷ്ടത്തിൽ കലാശിക്കുവാനെതരമുള്ളു.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): നാഗർകോവിൽ റയിൽവെ നീട്ടാനായി ബഡ്ജറ്റിൽ പ്രൊവിഷനുണ്ടൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ബഡ്ജറ്റിൽ തുകയുണ്ടെന്നു പറയുന്നില്ല. ഉടനെ തുറക്കുമെന്നു നാട്ടിൽ പരക്കെ ഒരു കിംവദന്തിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): കിംവദന്തിയെ അടിസ്ഥാനപ്പെടുത്തിയാണൊ മെംബർ ഇവിടെ ഓരൊ കാര്യങ്ങൾ പറയുന്നതു ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): നാട്ടിൽ നടക്കുന്ന കിംവദന്തികൾ ചിലപ്പോൾ വാസ്തവമായി പരിണമിക്കാറുണ്ട്. അതിനാൽ അവയെയും തീരെ തള്ളിക്കളവാൻപാടില്ല. പ്രത്യക്ഷം മാത്രമല്ലപ്രമാണം. ജനസംസാരത്തിൽനിന്നും മറ്റു പലതും അനുമാനിച്ചറിയേണ്ടതുമുണ്ട്.

"പ്രത്യക്ഷമനുമാനമാപ്തവചനം ച
ത്രിവിധം പ്രമാണമിഷ്ടം"

എന്നു് സാംഖ്യകാരികവചനമുണ്ടല്ലൊ. അതിനാൽ ചെങ്കോട്ടറയിൽവെപോലെ തുടങ്ങീട്ടു പറഞ്ഞാൽപോര. ഒന്നരകോടിരൂപാ തലസ്ഥാനഗരിയിൽമാത്രം ചിലവുചെയ്യുന്ന ഗവണ്മെൻറു മദ്ധ്യതിരുവിതാംകൂറിലെ നാനാതൊഴിലുകളിലേർപ്പെട്ടിരിക്കുന്ന ബഹുജനങ്ങളുടെ തൊഴിലഭിവൃദ്ധിക്കും യാത്രാസൌകര്യത്തിനും, രാജ്യത്തിൻെറ പൊതുനന്മയ്ക്കുമായി ഉടനെ റയിൽവെ നീട്ടാനനുവദിക്കാത്തതു് എത്ര കഷ്ടമാണു്. തിരുവിതാംകൂറിലേക്കു റയിൽവെ നീട്ടണമെന്നു് ഒരുപക്ഷേപം ഇവിടെയവതരിപ്പിച്ചു പാസാക്കുവാൻ ഞങ്ങൾക്കു ചട്ടപ്രകാരം നിവൃത്തിയില്ല. അതിനു പാടുണ്ടായിരുന്നുവെങ്കിൽ നാട്ടിൻെറ നന്മയ്ക്കായി ഞങ്ങൾ എപ്പൊഴേ അങ്ങനെ ചെയ്യുമായിരുന്നു. ഈ വിഷയത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ ഇനിയെങ്കിലും എത്രയും വേഗത്തിൽ പതിഞ്ഞു് ഈ ക്ഷാമകാലത്തുതന്നെ തുടങ്ങി ക്ലേശിക്കാക്കു് ഉപജീവനമാർഗ്ഗവും ഗവണ്മെൻറിനു് ലാഭവും വരുത്തുമെന്നു വിശ്വസിക്കുന്നു. പാഠപുസ്തകങ്ങളുടെ കാര്യത്തിലും സാധുക്കളുടെ കഷ്ടത പരിഹരിക്കണം.

പാഠപുസ്തകങ്ങൾ അഞ്ചൊ ആറൊ കൊല്ലത്തേക്കു മാറാതെ വയ്ക്കേണ്ടതാണു്. ഇക്കാര്യം എക്കണോമിക്ക് ഡിപ്രഷൻ കമ്മറ്റി മെമ്പറുടെനിലയിൽ എൻെറ ഭിന്നറിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ഗവണ്മെൻറു ഗണിക്കാത്തതു കഷ്ടംതന്നെ. പുസ്തകങ്ങൾ ക്കുടെക്കുടെ മാറുന്നതുകൊണ്ടു ഗവണ്മെൻറിനു ലാഭം ഒന്നുമില്ല. ജനങ്ങൾക്കു വലിയനഷ്ടവും കച്ചവടക്കാക്കു് കുറെ ആദായവുമായിരിക്കാം. അതിൽ വേറെയും വല്ലവക്കും ഗുണമുണ്ടായിരിക്കാം ഈ പാഠപുസ്തകങ്ങളിൽ ഒരുവലിയ പങ്കും വിദേശികൾക്കാണു് കൊടുത്തിട്ടുള്ളതു് എന്നു ഞാൻ പറഞ്ഞല്ലൊ. നമ്മുടെ പണം എന്തിനായി ഇങ്ങനെ പുറത്തു കൊടുക്കണം; ഈ നാട്ടിൽതന്നെ അനവധി അച്ചുക്കൂടങ്ങളും പ്രസിദ്ധീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitommau.]

കരണശാലകളും ഉണ്ടല്ലൊ. പിന്നെ ഇങ്ങനെ കൊടുക്കാൻ കാരണം എന്താണെന്നു ഗവണ്മെൻറ് ഒന്നു പ്രത്യേകം അന്വേഷിക്കണം. മേലാലെങ്കിലും പാഠപുസ്തകങ്ങൾ ഇവിടെയുള്ളവർക്കുതന്നെ കൊടുക്കണം. അതും ചില ഉദ്യോഗസ്ഥസേവകന്മാർക്കു മാത്രമായി പോകരുത്. ജാതി നോക്കിയും അരുത്. ഈ വിഷയത്തിലുള്ള ആക്ഷേപങ്ങളുടെ കാരണം കണ്ടുപിടിച്ചു പരിഹരിക്കണം. ഒരു ദരിദ്രകുടുംബത്തിലെ കുട്ടി വളരെദ്ധിമുട്ടി പുസ്തകം സൂക്ഷിച്ചു് ഉപയോഗിച്ചശേഷം അതയാളുടെ അനുജൻ് അടുത്തവർഷം പഠിക്കുന്നതിന്നു് ഉപയോഗപ്പെടുത്താമെന്നു കരുതിയാൽ പുസ്തകമാറ്റംകൊണ്ടു് അതു സാധിക്കുന്നില്ല. ഇങ്ങനെ മാറുന്ന രീതി എത്രയും ആക്ഷേപയോഗ്യമാണെന്നു് ആവർത്തിച്ചു പറയേണ്ടിയിരിക്കുന്നു. കുറഞ്ഞതു് അഞ്ചു കൊല്ലത്തേക്കെങ്കിലും പാഠപുസ്തകങ്ങൾ മാറരുതു്. പണ്ടത്തെ മലയാളംബുക്കു കമ്മറിവക പുസ്തകങ്ങൾ പാഠപുസ്തകങ്ങളാക്കാൻ വളരെ നല്ലതാണു്. മഹാ വിദ്വാനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അതിന്റെ അദ്ധ്യക്ഷനായിരുന്ന കാലത്തു ബുക്കുകമ്മറിയിൽനിന്നു പുറത്തുവന്നിട്ടുള്ള ബുക്കുകൾ എത്രയൊ നല്ലവയാണു്. ഇങ്ങനെയുള്ള പുസ്തകങ്ങളെ തിരഞ്ഞെടുത്തു് ഓരൊ ക്ലാസുകളിലേക്കു് വയ്ക്കാം. പോരാത്തവമാത്രം വിലകൊടുത്തു അവകാശംവാങ്ങി ഗവണ്മെൻറുപ്രസ്സിലും മുഴുവൻ സാദ്ധ്യമല്ലെങ്കിൽ ബാക്കി നാട്ടുകാരുടെ പ്രസ്സിലും അച്ചടിപ്പിച്ചു ലാഭംകൂടാതെ ഗവണ്മെൻറു വില്പിക്കണം. താല്ക്കിലും പകർത്തികളിലും സ്ലേറ്റുകളിലും വാങ്ങാൻ കിട്ടുമെന്നുവന്നാൽ വലിയ വില കൊടുക്കേണ്ടിയും വരികയില്ല.

ഇനി പബ്ലിക്കു് സർവ്വീസിലെ നിയമനസമ്പ്രദായത്തെക്കുറിച്ചു സംക്ഷേപം പറഞ്ഞവസാനിപ്പിക്കാം. പബ്ലിക്കു് സർവീസിൽ പരക്കെ കയ്ക്കുലിയും ജാതിപക്ഷപാതവും വ്യാപിച്ചിരിക്കുന്നു. ഇപ്പോഴത്തെ പക്ഷപാതപരമായ ഉദ്യോഗനിയമനസമ്പ്രദായം കൈക്കുലിയെ വളരെ സഹായിക്കുന്നു. ജാതിതണലിലാണു കൈക്കുലി തഴച്ചുവളരുന്നതു. ഉദ്യോഗസ്ഥന്മാർ സ്വജനങ്ങളെത്തന്നെ അധികമായി നിയമിക്കയും അവർ പരസ്പരം യോജിച്ചുകൊണ്ടു് ഓരോരുത്തരുടെയും ആളുകളെ മറവർ നിയമിച്ചു തങ്ങൾ സ്വജാതിക്കാരെ എത്രയും അധികമായി നിയമിച്ചു എന്ന അപവാദത്തിൽനിന്നു കുറച്ചെങ്കിലും ഒഴിയാൻ ശ്രമിക്കയും ചെയ്യുന്നു. ഈ പങ്കുകച്ചവടസമ്പ്രദായത്തിലും നിയമനാധികാരം വഹിക്കുന്ന ഉദ്യോഗസ്ഥന്മാരില്ലാത്ത സമുദായക്കാർക്കു വ

LIBRARY ARCHIVES Kerala Legislative Assembly

ലിയ നഷ്ടമാണുള്ളത്. ഉദ്യോഗനിയമനവിഷയത്തിലുള്ള അനീതി പരിഹരിക്കാനായി ഫൻഫ ഫെബ്രുവരിയിൽ ഞാനൊരു പ്രമേയം കൊണ്ടുവന്നതിന്റെ ഫലമായി ദിവാൻ മി. രാഘവയ്യായുടെ കാലത്തു ഒരു വ്യവസ്ഥയുണ്ടാക്കി. അതായതു് മറ്റുയോഗ്യതകളും തുല്യമായിരുന്നാൽ ഉദ്യോഗനിയമനത്തിൽ പ്രാതിനിദ്ധ്യം ഒട്ടും ഇല്ലാത്തതോ അല്ലെങ്കിൽ പ്രാതിനിദ്ധ്യം കുറഞ്ഞതോ ആയവർഗ്ഗത്തിൽപെട്ടിട്ടുള്ളവരുടെ അവകാശങ്ങളെ മുൻനിറുത്തി ഉദ്യോഗനിയമനം നടത്തണമെന്നായിരുന്ന ആ വ്യവസ്ഥ. ആ വ്യവസ്ഥ ചിലരെല്ലാം ലംഘിച്ചു. അവരോടു സമാധാനം ചോദിക്കുന്നതായ ഒരു ജി. ഒ. പിന്നീടു പുറപ്പെട്ടു. അപ്പോഴേക്കു മി: രാഘവയ്യാപോയി. പിന്നീടു ഇതുവരെ നിയമനവിഷയത്തിൽ പൂർവ്വാധികമായ അനീതിയാണ് നടന്നുവരുന്നതു്. മറുകായ്ങ്ങളിൽ ന്യായസ്ഥരെന്നു നടിക്കുന്നവരും ഉന്നതപരീക്ഷാവിജയികളെന്നഭിമാനിക്കുന്നവരും ആയ പല വലിയഉദ്യോഗസ്ഥന്മാരും നിയമനവിഷയത്തിൽ ലജ്ജാവഹമായ സ്വജനപക്ഷപാതം കാണിച്ചുവരുന്നുഎന്നു് കാസ്റ്റ്വാർസ്റ്റേറ്റ്മെൻറ്കൊണ്ടു സ്പഷ്ടമായികാണാം. അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പതിയേണ്ടതാണു്. മറുള്ളവരുടെ വസ്തുക്കളെ മോഷ്ടിച്ചോ, അപഹരിച്ചോ സ്വജനങ്ങൾക്കു കൊടുക്കുന്നതു് കുറുകരമാണെങ്കിൽ മറുസമുദായങ്ങൾക്കും ചെല്ലേണ്ട ഉദ്യോഗങ്ങൾ തങ്ങളുടെ ചാച്ചുക്കാക്കോ സ്വജനങ്ങൾക്കോ പൊതുമുതലിൽനിന്നു് ശമ്പളം വാങ്ങുന്നവരിയ ഉദ്യോഗസ്ഥന്മാർ കൊടുത്തുകൊണ്ടിരിക്കുന്നതു് എത്രയോ കുറുകരമാണു്. എങ്കിലും ഇങ്ങനെയുള്ളവർക്കാണു് പലപ്പോഴും ശമ്പളക്കൂട്ടത്തലും കയറ്റവും നൽകിക്കാണുന്നതു്. ഉദ്യോഗക്കായ്ച്ചും പറയുന്നതുകൊണ്ടു വർഗ്ഗീയമത്സരവും ഭിന്നതയും വർദ്ധിക്കുമെന്നും ദേശീയബോധത്തിനു തടസ്ഥമുണ്ടാകുമെന്നും ചിലർ പറയും. വ്യത്യാസങ്ങളാണല്ലോ വസ്തുഭേദത്തിനടിസ്ഥാനമായി ഗണിച്ചിരിക്കുന്നതു്. രാഷ്ട്രീയമായി ഒരുവർഗ്ഗവും മറൊരു വർഗ്ഗവും തമ്മിലുള്ള വ്യത്യാസം കുറയുന്നതനുസരിച്ചു് മത്സരവും ഭിന്നതയും കുറയുകയും ഐക്യമുണ്ടാകുകയും ചെയ്യും. ഇന്നത്തെ വ്യത്യാസം നിലനിൽക്കയൊ വർദ്ധിക്കയൊ ചെയ്യുന്നതായാൽ ഭിന്നതയും വർദ്ധിക്കും. അതിനാൽ രാഷ്ട്രീയമായ അസമത്വം കഴിയുന്നവേഗം പരിഹരിക്കണമെന്നു പറയുന്നതു വർഗ്ഗീയതകുറയ്ക്കുവാനാണു്. അല്ലാതെ അതു വർദ്ധിപ്പിക്കുവാനല്ല. രോഗത്തെ സുഖപ്പെടുത്തണമെന്നു പറയുന്നതു രോഗം വർദ്ധിപ്പിക്കുന്നതിനൊ രോഗം ഉണ്ടാക്കുന്നതിനൊ അല്ലല്ലൊ. ചികിത്സ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

അരുത്, രോഗത്തിന്റെ പേരുപോലും പറയരുത്, പറഞ്ഞാൽ രോഗം അധികമാകുമെന്ന് ആരും പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെൻറിൽനിന്നും ഉദ്യോഗനിയമനവിഷയത്തിൽ അസമത്വസമുദായങ്ങളുടെ അവകാശത്തെ മുൻനിറുത്തി നിയമനം നടത്തിക്കൊള്ളണമെന്നു റൂൾ 8-ൽ ഒരു വ്യവസ്ഥയുണ്ടായിട്ടുള്ളതിനെ ലംഘിച്ചുനടക്കുന്ന ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചു ശരിപ്പെടുത്താതെ അവരുടെ ഇപ്പോഴത്തെ സംപ്രദായത്തെ മൗനമായനുവദിക്കുന്നപക്ഷം ഗവണ്മെൻറിന്റെ ചട്ടം അനുസരിപ്പിക്കുവാൻ കഴിയുന്നില്ലെന്നു ജനങ്ങൾ ധരിക്കും. അതു ഗവണ്മെൻറിനു അഭിമാനകരമല്ല. അതിൽഭേദം അതിനെ റദ്ദുചെയ്തു ഉദ്യോഗസ്ഥന്മാരെല്ലാം ഇപ്പോഴത്തെപ്പോലെ ബന്ധുക്കളെയും സ്വജനങ്ങളെയുംതന്നെ അധികമായി നിയമിച്ചുകൊള്ളണമെന്ന് ഒരു വ്യവസ്ഥചെയ്തായിരിക്കും ഗവണ്മെൻറിന്റെ മാനത്തെ പരിരക്ഷിക്കുവാൻ നല്ലത്. അങ്ങനെയായാൽ ഉദ്യോഗം കിട്ടുമെന്നുവച്ചു മറുള്ളവർ തങ്ങളുടെ കുട്ടികളെ പഠിപ്പിച്ചു് ഈ ക്ഷാമകാലത്തു ബുദ്ധിമുട്ടുകയും വേണ്ടല്ലൊ. മറുകാര്യങ്ങളിൽ എന്നപോലെ ഉദ്യോഗനിയമനവിഷയത്തിലും അനീതിയും അഴിമതിയും എല്ലാജനങ്ങളും വിശിഷ്യാ ജനപ്രതിനിധികളും എതിർക്കേണ്ടതാണ്. അനീതി തങ്ങളുടെ സ്വാർത്ഥമോഹങ്ങൾക്കൊ, സമുദായസ്വാർത്ഥത്തിനൊ അനുകൂലമാണെന്നുവച്ചു അതിനെ അനുകൂലിച്ചുനിൽക്കുന്നതു സജ്ജനങ്ങൾക്കു യോജിച്ചതൊ രാജ്യനന്മയ്ക്കനുകൂലമൊ അല്ല. ഏതായാലും ഗവണ്മെൻറിന്റെ ശക്തിയായി ഈ അനീതിയെ അടിച്ചമർത്തേണ്ടകാലം അതിക്രമിച്ചിരിയ്ക്കുന്നു. ഇതുയും ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. JOSEPH KUNJU (*Changanachery cum Peermade*) : ഗവണ്മെൻറിന്റെ വരവിനങ്ങൾ ഏതെല്ലാമെന്നു മുൻബഡ്ജറുകൾ നോക്കി മനസ്സിലാക്കിയശേഷം അതെതുപത്തിലും ക്രമത്തിലുംതന്നെ വരവിനങ്ങളെ ഴുതി അതീത സംവത്സരത്തിലെ പുതുക്കിയ കണക്കനുസരിച്ചുള്ള സംഖ്യയെക്കാൾ യാതൊരു തത്വത്തെയും ആസ്പദമാക്കാതെ വെറും ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കി ഓരൊഇനത്തിലും അല്പം കൂട്ടുതലായൊ കുറവായൊ ഉള്ള ഒരു സംഖ്യ കൊള്ളിച്ചു ആകപ്പാടെ ഒരു വരവിനം കണക്കാക്കുന്നതിനും മുൻബഡ്ജറിന്റെ മാതൃകയനുസരിച്ചുതന്നെ ഒരു ചിലവിനം ഏഴുതിയുണ്ടാക്കുന്നതിനും ഇങ്ങനെ ഉണ്ടാക്കിയ വരവും ചിലവും തമ്മിൽ തട്ടിക്കഴിച്ചു് സന്ദർഭമനുസരിച്ചു് ഒരു സംഖ്യ നഷ്ടമാ

LIBRARY ARCHIVES Kerala Legislative Assembly

യൊ ലാഭമായൊ കാണിച്ച് ഒരു ബഡ്ജറു തയ്യാറാക്കുന്നതിനും ആക്കും നിഷ്പ്രയാസം സാധിക്കുന്നതാണു്. എന്നാൽ ഉർഭരങ്ങളായ നികുതികളും ചുമത്തി ജനതതിയെ കഷ്ടപ്പെടുത്താതെ ഗവണ്മെൻറിൻെറ വരവിനങ്ങളെ—ധനാഗമമാർഗ്ഗങ്ങളെ—വിപുലമാക്കുന്നതിനും വരവുവർദ്ധിപ്പിക്കുന്നതിനും അവ സുസ്ഥിരവും സുരക്ഷിതവുമാക്കിതീർക്കുന്നതിനും, വരവിനനുസരണമായവിധത്തിൽ ചിലവു നിയന്ത്രിക്കുന്നതിനും കാര്യക്ഷമമായ ഭരണത്തിനു് ഹാനികരമല്ലാത്തവിധത്തിൽ ശമ്പളച്ചിലവുകളും ചുരുക്കുന്നതിനും, പൊതുജനോപകാരപ്രദങ്ങളും രാജ്യാഭിവൃദ്ധിക്കുപയുക്തങ്ങളുമായ കാര്യങ്ങൾക്കു വരവിനനുസരണമായവിധത്തിൽ നിവൃത്തിയുള്ളിടത്തോളം കൂടുതൽ സംഖ്യ വ്യയം ചെയ്യുന്നതിനുമാണു പ്രാപ്തനും, രാജ്യസ്നേഹിയും, ധനകാര്യവിദഗ്ധനുമായ ഒരു ബഡ്ജററ് നിർമ്മാതാവു് പരിശ്രമിക്കുന്നതും, പരിശ്രമിക്കേണ്ടതും. എന്നാൽ ഈവകതത്വങ്ങൾക്കെല്ലാം നേരെ വിപരീതമാണു് ഇവിടത്തെ പ്രവൃത്തി. ഈവകസംഗതികളെല്ലാം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു് ഒരു ഫിനാൻഷ്യൽ സെക്രിട്ടറിക്കു തനിച്ചു സാധിക്കുന്നതല്ലെന്നും ഇവയെല്ലാം നടപ്പിൽ വരുത്തുന്നതിനു ഗവണ്മെൻറിൻെറ ആനുകൂല്യവും സഹായസഹകരണങ്ങളും കൂടിയുണ്ടെങ്കിൽമാത്രമെ സാധിക്കയുള്ളുവെന്നും ഞാൻ സമ്മതിക്കുകതന്നെചെയ്യുന്നു. എന്നാൽ ഒരു ഗവണ്മെൻറിൻെറ ധനകാര്യ ദർശിതവം വഹിക്കുന്ന ആളിനു് ഈവകതത്വങ്ങളെ ആസ്പദമാക്കി വേണ്ടനിർദ്ദേശങ്ങളും നല്കുന്നതിനും ഉപദേശങ്ങളും അഥവാ ശുപാർശകളും ചെയ്യുന്നതിനുമുള്ള ചുമതലയുണ്ടെന്നുള്ള സംഗതി വിസ്മരിക്കുന്നതിനു് നിവൃത്തിയില്ല. ഇവിടെ ഫിനാൻഷ്യൽസെക്രിട്ടറിയുടെയും അക്കൗണ്ട് ആഫീസരുടെയും ഉദ്യോഗം ഒരാൾതന്നെ വഹിക്കുന്നതുകൊണ്ടു് വരവുചിലവുകളെ നിയന്ത്രിക്കുന്നകാര്യത്തിൽ അദ്ദേഹത്തിനു കൂടുതൽ സൗകര്യമല്ലെയുള്ളതെന്നു ഞാൻ സംശയിക്കുന്നു. ഫിനാൻഷ്യൽസെക്രിട്ടറിയുടെയും അക്കൗണ്ട് ആഫീസരുടെയും ഉദ്യോഗം രണ്ടാളുകളിൽതന്നെ സ്ഥിതിചെയ്യേണ്ടതാണെന്നു് കുറെക്കാലങ്ങൾക്കു മുമ്പു് ഇവിടെ പ്രബലമായ വാദമുണ്ടായിരുന്നു എങ്കിലും അതും ഭേദം വന്നതിനോടുകൂടി ആവക വാദകോലാഹലങ്ങളും അസ്തമിച്ചുഎന്നാണു് തോന്നുന്നതു്. ഞാൻ മുമ്പു പ്രസ്താവിച്ച തത്വങ്ങൾക്കു നേരെ വിപരീതമായ ഒരു നയമാണു് ഇവിടെ അനുവർത്തിച്ചുവരുന്നതെന്നു ബഡ്ജറിൽനിന്നും കാണാവുന്നതാണു്. ഇവിടെ കൂടുതൽ പണത്തിനു് ആവശ്യം നേരിടുന്നപക്ഷം ജനക്ഷേമത്തെയും ജനഹിതത്തെയും പരിഗണിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Kunju.]

ഉർദ്ദരക്കുളായ നികുതികൾചുമത്തി ജനതതിയെ കഷ്ടപ്പെടുത്തുകയ തെ ചെയ്തുകൊണ്ടിരിക്കുന്നതു്. വള്ളക്കരം, വണ്ടിക്കരം, വലക്കരം, വീട്ടുകരം എന്നുവേണ്ട, എന്തിനെല്ലാം കരം ചുമത്താമോ അതെല്ലാം ഇവിടെചുമത്തിക്കഴിഞ്ഞിട്ടുണ്ടു്. രാജ്യത്തിന്റെ പൊതുവെയുള്ള സാമ്പത്തികനിലയും ഇവിടെ ഒരാളിനുള്ള ശരാശരി വരവും കണക്കാക്കുന്നപക്ഷം ഇവിടെ നികുതിഭാരം അതിന്റെ അത്യുച്ചസ്ഥാനത്തെത്തിയിട്ടുണ്ടെന്നതന്നെ വിചാരിക്കാവുന്നതാണു്. അഭിവൃദ്ധിയുടെ പന്ഥാവിൽ ക്രൂടി ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തെ ഭരണത്തിനു് അവശ്യം വേണ്ട ചിലവുകൾ ജനങ്ങൾ വഹിച്ചേ മതിയാവൂ എന്നുള്ള തത്വം ആരും സശിരഃകമ്പം സമ്മതിക്കുന്നതാണു്. എന്നാൽ പൊതുജനങ്ങൾക്കുപദ്രവകരമല്ലാത്തവിധത്തിൽ വരവു വർദ്ധിപ്പിക്കുന്നതിനും കായ്ക്ഷമതയുള്ള ഘാനികരമല്ലാത്തവിധത്തിൽ വ്യയന്യൂനീകരണം ചെയ്യുന്നതിനും മാർഗ്ഗങ്ങൾ ഇല്ലാതെ വരുമ്പോൾ മാത്രമെ പുതിയ നികുതികൾചുമത്തുന്നതിനു് ഗവണ്മെൻറുദ്യമിക്കാവൂ എന്നും മാത്രമാണു ഞാൻ പറയുന്നതു്. ഇവിടത്തെ ഉപ്പുകൃഷി വർദ്ധിപ്പിക്കയും പരിഷ്കരിക്കയും ചെയ്യുക, ഇവിടെ പുകയിലകൃഷി ഏർപ്പെടുത്തുക, ബ്രട്ടീഷ് ഇൻഡ്യൻ ഗവണ്മെൻറുമായുള്ള വാണിജ്യഉടമ്പടി പുതുക്കുക, പെരിയാറണ സംബന്ധിച്ചുള്ള ഉടമ്പടി പുതുക്കുക, തിരുവിതാംകൂറിന്റെ ആകെയുള്ള വിസ്തീർണ്ണതയിൽ മുപ്പതിലൊന്നോളം വരുന്നതും ഒരു വിദേശിയ കമ്പനിക്കു് സൗജന്യനിരക്കിന്മേൽ ലഘുവായകരം ചുമത്തികൊടുത്തിട്ടുള്ളതുമായ സ്ഥലത്തു് ഒരു റിസെററിൽമെൻറു നടത്തുക, മുതലായി പൊതുജനങ്ങൾക്കു് ഉപദ്രവകരമല്ലാത്തവിധത്തിൽ ഗവണ്മെൻറിന്റെ വരവു വർദ്ധിപ്പിക്കുന്നതിനു് അനേകമാർഗ്ഗങ്ങൾ ഉണ്ടായിരുന്നിട്ടും ജനപ്രതിനിധികളും വർത്തമാനപത്രങ്ങളും അനേകനാളുകളായി മുറവിളിക്കൂട്ടിക്കൊണ്ടിരുന്നിട്ടും അക്കാര്യങ്ങൾ ഒന്നുംതന്നെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ഇതുവരെ അനുഭവത്തിൽ കാണുന്നില്ല. ഗവണ്മെൻറിന്റെവരവു് സുസ്ഥിരവും സുരക്ഷിതവുമായിരിക്കണമെങ്കിൽ ജനങ്ങളുടെ സാമ്പത്തികനിലയും അഭിലഷണീയമായ നിലയിൽ സ്ഥിതിചെയ്യേണ്ടതാണു്. അതിനാൽ ജനങ്ങളുടെ പൊതുവെയുള്ള സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുന്നതിനാണു സ്വന്തമായ നിലനില്പിനെയും, പ്രശസ്തിയെയും ജനക്ഷേമത്തെയും, രാജ്യാഭിവൃദ്ധിയെയും, അഭിലഷിക്കുന്ന ഒരു ഗവണ്മെൻറു് എപ്പോഴും ശ്രദ്ധപതിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ മി: റാബിൻസന്റെ ഭാഷയിൽ പറഞ്ഞാൽ തിരുവിതാംകൂർ ഗവണ്മെൻറ്മ്മാവൻ സ്വന്തം മക്കളായ ഉദ്യോഗസ്ഥന്മാരെ വർദ്ധിപ്പിക്കുന്നതിലും അവരുടെ സുഖസൗകര്യാദികളിലുമല്ലാതെ അനന്തരവരായ പ്രജകളുടെ ക്ഷേമൈശ്വര്യാദികളിൽ പറയത്തക്ക ശ്രദ്ധപതിക്കുന്നില്ലെന്നാണ് ഇതുവരെയുള്ള നടപടികാം പ്രത്യക്ഷപ്പെടുത്തുന്നത്. ഒരു ഗവണ്മെൻറിന്റെ വരവിനങ്ങളെ സ്ഥിരങ്ങളെന്നും, അസ്ഥിരങ്ങാം അഥവാ ചരങ്ങളെന്നും വിഭജിച്ച് സ്ഥിരവരവുകളെനോക്കി സ്ഥിര ചിലവുകളെയും, ചരവരവുകളുടെ ക്രമമനുസരിച്ച് താല്ക്കാലിക ചിലവുകളെയും ക്രമീകരിക്കേണ്ടതാകുന്നു. അങ്ങനെചെയ്യാതെ അസ്ഥിരങ്ങളായ ചിലവുകാംക്രടി നോക്കി സ്ഥിരമായ ചിലവുകാം ഉണ്ടാക്കിവയ്ക്കുന്ന ഒരു ഗവണ്മെൻറ് കാലാന്തരത്തിൽ, അസ്ഥിരങ്ങളായ വരവുകാം ചുരുങ്ങുമ്പോാം, വിഷമസ്ഥിതിയിൽ അകപ്പെടുമെന്നുള്ളതു നിസ്തർക്കമാണ്. അങ്ങനെയുള്ള ഒരു വിഷമസ്ഥിതിയിലാണ് ഇന്നു തിരുവിതാംകൂർ ഗവണ്മെൻറ് എത്തിച്ചേർന്നിരിക്കുന്നതു്. വരവ് എത്രമേൽ ചുരുങ്ങിയാലും പൊതുമരാമത്തു വേലകാംക്കുള്ള ചിലവു നീക്കി മറെറാന്നുംതന്നെ കുറവുചെയ്യുന്നതിനു് ഇന്നു തിരുവിതാംകൂർസർക്കാരിനു് കഴിവില്ലാതായിത്തീർന്നിരിക്കുന്നു. ആയിരത്തിത്തൊണ്ണൂറാമാണ്ടു്, ഒന്നരക്കോടി രൂപാ മാത്രം വരവുണ്ടായിരുന്നപ്പോാം, മുപ്പത്തിഅഞ്ചുലക്ഷം രൂപായാണു പൊതുമരാമത്തുവേലകാംക്കായി നീക്കിവച്ചിരുന്നതു്. എന്നാൽ ആയിരത്തിഒരുന്നൂററി ഏഴാമാണ്ടത്തെ പുതുക്കിയ കണക്കനുസരിച്ചുള്ള വരവ് രണ്ടുകോടി പതിനഞ്ചുലക്ഷം രൂപാ ആണെങ്കിലും പൊതുമരാമത്തുവേലകാംക്കായി വ്യയം ചെയ്തിട്ടുള്ള സംഖ്യ മുപ്പതുലക്ഷത്തിഅൻപത്തെണ്ണായിരം രൂപായും, രണ്ടുകോടി ഇരുപത്തിമൂന്നുലക്ഷംരൂപാ വരവുണ്ടാകുമെന്നു പ്രതീക്ഷിച്ചിട്ടുള്ള ആയിരത്തിഒരുന്നൂററി എട്ടിലേയ്ക്കു പൊതുമരാമത്തു വകുപ്പിലേക്കു നീക്കിവച്ചിട്ടുള്ള രൂപാ മുപ്പതുലക്ഷത്തിപതിമ്മൂവായിരവുമാണു.

MR. R. NILAKANTA PILLAI (*Financial Secretary to Government*): അന്നു് ക്യാപ്പിറൽ വക്ക്സിനു് വല്ലതുമുണ്ടായിരുന്നൊ?

MR. JOSEPH KUNJU (*Changanachery cum Peermade*) : ഉണ്ടായിരുന്നു എന്നാണു് എന്റെ ഓർമ്മ. സംഖ്യ എനിക്കു നിശ്ചയമില്ല. ഇതിനെപ്പററിക്കൂടുതൽ അറിയാവുന്നതു് ഫിനാൻഷ്യൽസെക്രിട്ടറിക്കാണല്ലൊ.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അക്കാലത്തു് ഗവണ്മെൻറിനു് ഇതുപോലും മുതലെടുപ്പുണ്ടായിരുന്നൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇല്ലായിരുന്നു. ഒന്നരക്കോടി രൂപാമാത്രമെ ഉണ്ടായിരുന്നുള്ളൂ.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ക്യാപ്പിറ്റൽ വക്ക്സ് ഇതിൽ ചേർത്തിട്ടില്ല. ഈ ആണ്ടത്തെ മിച്ച മിരിപ്പിൽ നിന്നാണ് എടുക്കുന്നത്.

MR. JOSEPH KUNJU (*Chnganachery* cum *Peermade*): ഈ ആണ്ടത്തെ മിച്ചമിരിപ്പിൽ നിന്നുമാത്രമല്ല ആകപ്പാടെയുള്ള മിച്ചമിരിപ്പിൽ നിന്നുമാണ്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇങ്ങനെ നീക്കി ഇരിപ്പിൽ നിന്നെടുത്താലും പുതിയ റോഡുകൾക്കൊരു വലിയ തുക കുറച്ചിട്ടുണ്ടെന്നറിയാമൊ?

MR. JOSEPH KUNJU (*Chnganachery* cum *Peermade*): നല്ലപോലെ അറിയാം. ഈ ആണ്ടത്തെ—ആയിരത്തി ഒരുനൂറിഏഴിലെ—പുതുക്കിയകണക്കനുസരിച്ചുള്ള വരവ് രണ്ടുകോടി പതിനഞ്ചുലക്ഷം രൂപയാണെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ശമ്പളച്ചിലവുകൾക്കും അലവൻസുകൾക്കും മറ്റുമായി ചിലവുചെയ്തിട്ടുള്ള സംഖ്യ ഒരു കോടിരണ്ടുലക്ഷം രൂപായാണ്. അതായത് ഇന്ന് ആകെയുള്ളവരവിൽ നാല്പത്തേഴശതമാനം ശമ്പളച്ചിലവുകൾക്കായി വ്യയം ചെയ്യുകൊണ്ടിരിക്കുന്നു. ഇവിടത്തെ ഉയന്നഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ കൂടുതലാണെന്നും, ഇവിടെ അനേക അനാവശ്യ ഉദ്യോഗസൃഷ്ടികളുണ്ടെന്നും അവയെല്ലാം തൃപ്തികരമായ വിധത്തിൽ കുറവുചെയ്യ വ്യയനിയന്ത്രണം ചെയ്യണമെന്നും ജനപ്രതിനിധികൾ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടാണിരിക്കുന്നതെങ്കിലും, ഇതുപര്യന്തം "കായ്ക്ഷമത" എന്ന പഞ്ചാക്ഷരമന്ത്രമോതി ഗവണ്മെൻറവരെ മടക്കുകയും ആ വിഷയത്തിലുള്ള ചിലവു കണ്ടമാനം വർദ്ധിപ്പിക്കുകയും ഓരൊ ഉദ്യോഗങ്ങൾക്കും വമ്പിച്ച ശമ്പളം നിശ്ചയിച്ചിരിക്കുന്നതുകൊണ്ടും തൃപ്തിപ്പെടാതെ പല ഉദ്യോഗസ്ഥന്മാർക്കും പേഴ്സനൽപെ എന്നൊരുവക കൂടി കൊടുക്കയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളച്ചിലവിനുവേണ്ടി വ്യയം ചെയ്യുന്ന സംഖ്യയുടെ ന്യൂനാധിക ഭാഗങ്ങളിലാണ് കായ്ക്ഷമതയുടെ കുറവും കൂടുതലും സ്ഥിതിചെയ്യുന്നതെങ്കിൽ താരതമ്യേന തിരുവിതാംകൂറിലുള്ളിടത്തോളം കായ്ക്ഷമത ഭൂമുഖത്തു് മറ്റു അധിക രാജ്യങ്ങളിൽ കാണുകയില്ലെന്നുള്ളതു് നിസ്തർക്കമാണ്. ഇക്കഴിഞ്ഞ ഫർ സംവത്സരകാലങ്ങൾക്കിടയിൽ ഇങ്ങനെ ഇവിടത്തെ കായ്ക്ഷമത ഗവണ്മെൻറുകൾ ഇരട്ടിവർദ്ധിപ്പിച്ചിട്ടുണ്ട്. ഫാൻസു

LIBRARY ARCHIVES Kerala Legislative Assembly

ൽ ഗവണ്മെൻറിന്റെ വരവ് ഒരുകോടി നാല്പത്തിഒൻപതുലക്ഷം രൂപാ യായിരുന്നപ്പോൾഅന്നത്തെ ശമ്പളച്ചിലവ് ൪൨ ലക്ഷം രൂപായായിരു ന്നു. അതായത്, ആകെ വരവിന്റെ ന൨ ശതമാനമായിരുന്നു അന്ന ത്തെ ശമ്പളച്ചിവ്. എന്നാൽ ൧൯൫൫-ൽ വരവു രണ്ടുകോടി പതി നഞ്ചുലക്ഷം രൂപായായപ്പോൾ ശമ്പളച്ചിലവ് പെൻഷനുംപ്പെടെ ഒരുകോടി രണ്ടുലക്ഷംരൂപായാണ്. അതായത്, ഇന്നത്തെ വരവിന്റെ ൫൩ ശതമാനമാണ് ഇന്നത്തെ ശമ്പളച്ചിലവ്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഈ തുക എങ്ങനെ കിട്ടിയെന്നു പറഞ്ഞാൽ കൊള്ളാം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇക്കഴിഞ്ഞ യാണ്ടത്തെ ബഡ്ജറ്റ് സമ്മേളനത്തിൽ ഫിനാൻഷ്യൽ സെക്രിട്ടറി പറഞ്ഞകണക്കനുസരിച്ചാണു ഞാൻ പറയുന്നത്. ഉദ്യോഗസ്ഥന്മാ രുടെ ശമ്പളം, പെൻഷൻ, അലവൻസ്, ഇവയ്ക്കായി ഒരുകോടി രണ്ടു ലക്ഷംരൂപാ ചിലവുണ്ടെന്ന് ഇക്കഴിഞ്ഞയാണ്ടിൽ പറഞ്ഞതിനെ അ ധാരമാക്കി ഞാൻ പറയുന്നു. ഫിനാൻഷ്യൽസെക്രിട്ടറി കഴിഞ്ഞയാ ണ്ടിൽ പരമാർത്ഥത്തിനു വിപരീതമായിട്ടാണ് പറഞ്ഞതെങ്കിൽ ഞാൻ ഇപ്പോൾ പറയുന്നതും പരമാർത്ഥത്തിനു വിപരീതമായിട്ടാകുന്നു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ശമ്പളച്ചിലവ് ൫൩ ശതമാനമാണെന്ന് ഫിനാൻഷ്യൽ സെക്രിട്ടറി പറഞ്ഞതായി ഓർക്കുന്നുണ്ടോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): യഥാർത്ഥത്തി ൽ ൫൩ ശതമാനമാണ്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): കഴിഞ്ഞയാണ്ടിൽ ശമ്പളച്ചിലവിനുവേണ്ടി ൯൨ ലക്ഷം രൂപാ ചി ലവാകുന്നു എന്നാണ് ഫിനാൻഷ്യൽസെക്രിട്ടറി പറഞ്ഞത്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഞാൻ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി ആകപ്പാടെ ചിലവുചെയ്യുന്ന സംഖ്യ യെപ്പറ്റിയാണ് പറയുന്നത്. ഒരു കോടി രണ്ടുലക്ഷം രൂപാ ശമ്പള ച്ചിലവിനു വേണ്ടിമാത്രമല്ല, പെൻഷനുംകൂട്ടിയിട്ടാണ്. ഇക്കഴിഞ്ഞ യാണ്ടത്തെ ബഡ്ജറ്റു സെഷനിൽ ഫിനാൻഷ്യൽ സെക്രിട്ടറിയോടു ശമ്പളച്ചിലവിനെത്രവേണമെന്നു ചോദിച്ചപ്പോൾ ൯൨ ലക്ഷം രൂപാ വേണമെന്ന് അദ്ദേഹം മറുപടിപറഞ്ഞു. അതു പെൻഷൻകൂടി ഉൾപ്പെ ടെയാണൊ എന്നു ചോദിച്ചപ്പോൾ പെൻഷനു ൧൦ ലക്ഷം രൂപാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Kunju.]

ക്രടി ക്രുടതൽ വേണമെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇതു രണ്ടുംക്രടിക്രുട്ടിയാണ് ൧൦൨ ലക്ഷം രൂപായെന്ന ഞാൻപറഞ്ഞതു്. ൯൨-൦ ൧൦-൦ ക്രടി ക്രുട്ടിയാൽ ൧൦൨ ആണല്ലൊ. അപ്പോൾ ഞാൻ പറഞ്ഞതാണ ശരിയെന്ന ഫിനാൻഷ്യൽ സെക്രിട്ടറി ഇപ്പോൾ സമ്മതിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): ൯൨ ലക്ഷം രൂപായാണെങ്കിലും അതും ഒരു വലിയസംഖ്യയല്ലെ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അതെ, അതും ഒരു വലിയസംഖ്യതന്നെയാണ്. എന്നാൽ ൧൦൨ ലക്ഷംരൂപായുണ്ടെന്ന ഫിനാൻഷ്യൽ സെക്രിട്ടറിതന്നെ സമ്മതിച്ചുകഴിഞ്ഞല്ലൊ.

൧൦൯-നെ അപേക്ഷിച്ച ൧൧൦-ൽ ന്നു ലക്ഷംരൂപായാണ വരവിൽ വർദ്ധിച്ചിട്ടുള്ളതു്. അപ്പോൾ ഈ ൧൪ സംവത്സരക്കാലംകൊണ്ടു ശമ്പളച്ചിലവിൽ ൫൦ ലക്ഷം രൂപായാണ വർദ്ധിച്ചിട്ടുള്ളതു്. അതായതു വരവിനെയപേക്ഷിച്ച ൬൫ ശതമാനം ശമ്പളച്ചിലവു വർദ്ധിച്ചു. "അന്ന ആകെയുള്ള ചിലവിൻെറ ൩൫ ശതമാനം ശമ്പളച്ചിലവുകൾക്കായി വിനിയോഗിച്ചു. ഇന്നാകട്ടെ ആകെയുള്ള ചിലവിൻെറ ൪൬ ശതമാനമാണ ശമ്പളച്ചിലവു്. ൧൪ സംവത്സരക്കാലംകൊണ്ടു വരവു ന്ന൫ ലക്ഷമായും ശമ്പളച്ചിലവു ൪൯ ലക്ഷമായും വരവു വർദ്ധനയെ അപേക്ഷിച്ച ശമ്പളച്ചിലവു വർദ്ധന ൬൫ ശതമാനമായും വർദ്ധിച്ചു. ൧൪ സംവത്സരക്കാലംകൊണ്ടു വരവു ൪൪ ശതമാനം വർദ്ധിച്ചപ്പോൾ ശമ്പളച്ചിലവു ൯൫ ശതമാനത്തിലധികം വർദ്ധിച്ചിരിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളച്ചിലവുകളെപ്പറ്റി പറയുമ്പോൾ മൈസൂർ എന്നും ഹൈദ്രബാദെന്നും ബറോഡായെന്നുംമറും പറഞ്ഞു് അന്നദ്യോഗസ്ഥസാമാജികന്മാരെ മിരട്ടിക്കളയുന്ന ഉദ്യോഗസ്ഥസാമാജികന്മാർ താരതമ്യേന ഇങ്ങനെ വരവിനെ അപേക്ഷിച്ച ശമ്പളച്ചിലവു വർദ്ധിച്ചിട്ടുള്ള മറൊരു രാജ്യം ഭൂമുഖത്തുണ്ടെന്ന തെളിയിച്ചു തരുന്നതിന ഞാനവരെ ക്ഷണിച്ചുകൊള്ളുന്നു. ഇന്നത്തെ നിലയ്ക്കു പബ്ലിക്കു സർവ്വീസ് രാജ്യത്തിനുവേണ്ടിയല്ല രാജ്യം പബ്ലിക്കു സർവ്വീസിനു വേണ്ടിയാണ സ്ഥിതിചെയ്യുന്നതു്.

സർ, വ്യയസംകോചനത്തിനായൊരു റിട്രഞ്ചുമെൻറ് കമ്മറ്റി ഗവമ്മെൻറ് ഏർപ്പെടുത്തിയിരുന്നുവെങ്കിലും ആ കമ്മറ്റികൊണ്ടും യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്ന വ്യസനസമേതം പ്രസ്താവി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടിയിരിക്കുന്നു. ഈ നിയമസഭയിലെ പ്രാപ്തന്മാരായ മൂന്നു സാമാജികന്മാർക്കുടി ആ കമ്മറിയിലുണ്ടായിരുന്നുവെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ഉദ്യോഗസ്ഥഭൂരിപക്ഷമുണ്ടായിരുന്നതുകൊണ്ട് എന്റെ സ്നേഹിതന്മാക്ക് അവിടെ യാതൊന്നും ചെയ്യാൻ കഴിയാതെ വന്നുവെന്നാണു ഞാൻ വിശ്വസിക്കുന്നതു്. അതു് അവരുടെ കുറവുമല്ല. ഇമ്മാതിരി കമ്മിറ്റികളിൽ അനുദ്യോഗസ്ഥന്മാക്കു ഭൂരിപക്ഷമുണ്ടായിരിക്കുകയും കമ്മിറ്റിക്കു പ്രതിപാദ്യവിഷയങ്ങൾ സംബന്ധിച്ചുള്ള എല്ലാ വശങ്ങളെപ്പറ്റി വിമർശിക്കുന്നതിനും, നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുന്നതിനും, പരിപൂർണ്ണമായ അവകാശാധികാരസ്വാതന്ത്ര്യങ്ങൾ ഉണ്ടായിരിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങളും തീരുമാനങ്ങളുമനുസരിച്ചു പ്രവർത്തിക്കുന്നതിനു ഗവണ്മെന്റു [illegible] ധാരായിരിക്കുകയും ചെയ്യാത്തപക്ഷം അവമൂലം ഉപദ്രവമല്ലാതെ ഉപകാരമുണ്ടാകുന്നതല്ല. സ്ഥാനവ്യത്യാസം അഭിപ്രായവ്യത്യാസത്തിനും കാരണമാവുകയില്ലെങ്കിൽ ഇന്നു ഗവണ്മെൻറുഭാഗത്തു സ്ഥിതിചെയ്യുന്ന ചില ഉദ്യോഗസ്ഥന്മാരുടെയും അഭിപ്രായം ഇതുതന്നെയാണു്. ഈ നിയമസഭയിലെ ഒരു അനുദ്യോഗസ്ഥനായിരുന്ന ദേഹവും അദ്ദേഹത്തിൽ വിളങ്ങുന്ന അനിതരസാധാരണമായ ധീവിലാസവും പ്രാപ്തിയുംമൂലം ഗവണ്മെൻറു സർവ്വീസിലേക്കു ക്ഷണിക്കപ്പെട്ട ദേഹവും ഇപ്പോഴും എന്റെ മുമ്പാകെ ഗവണ്മെൻറുഭാഗത്തിരിക്കുന്ന ദേഹവുമായ ഒരു മാന്യൻ ഈ നിയമസഭയുടെ അദ്ദ്യോഗം മൂന്നാമതു സമ്മേളനത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"I have no hesitation to state that, unless the committees are composed of a majority of elected non-official representatives, unless the terms of reference are wide enough to enable the committees to adequately deal with the entire question at issue, unless committees are appointed where there is an unmistakable demand for them, the expenditure on them is a waste and should be avoided and that in the result they do more harm than good."

ഇപ്രകാരമാണു് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. നോക്കുക, ഇവിടത്തെ ശമ്പളച്ചിലവിനെപ്പറ്റി അദ്ദേഹം പിന്നെയും തുടർന്നു പറയുന്നതു് ഇപ്രകാരമാണു്:

"If payment of increased salaries is the sole test of efficiency, the public service in Travancore is really efficient; otherwise the people have yet to be convinced of the true import of the term as applied to the Travancore service."

ഇതുകൂടാതെ ഇന്നു ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ ഗണത്തിൽ ഏറ്റവും ഉയർന്ന സ്ഥാനത്തിലിരിക്കുന്നവരിൽ ഒരു മാന്യൻ ആ സ്ഥാനമലങ്കരിക്കുമുമ്പു ഈ നിയമസഭയിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:

"It has practically become a proverb that the rule in Travancore in the matter of appointments is that there is an amount of initial difficulty in getting an appointment. But when once you get into the service it is equally difficult to get you out."

LIBRARY ARCHIVES Kerala Legislative Assembly

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*) : അവരുടെ പേരുകൂടി പറഞ്ഞാൽ കൊള്ളാം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): പേരു പറയുന്നതിനു വിരോധമില്ല. ഞാൻ ആദ്യം വായിച്ചതു മി: ജി. പരമേശ്വരൻപിള്ളയുടെയും, ഇപ്പോൾ വായിക്കുന്നതു മി: പി. കെ. നാരായണപിള്ളയുടെയും അഭിപ്രായങ്ങളാണു്.

ഇതിൽ ഇവിടത്തെ പബ്ലിക്കു സർവ്വീസിന്റെ പരമാർത്ഥത്തിലുള്ള ന്യൂനത എന്താണെന്നു കണ്ടുപിടിച്ചാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. ഇതാണു് ഇവിടെനടക്കുന്ന അഴിമതികൾക്കെല്ലാം കാരണമായിത്തീർന്നുകൊണ്ടിരിക്കുന്നതു്. ഇവിടത്തെഅനാവശ്യമായശമ്പളച്ചിലവിന്റെആധിക്യത്തെപ്പറ്റി അദ്ദേഹം ഇപ്രകാരം അതെ പ്രസംഗത്തിൽതന്നെപറയുന്നു:

> "Looking at the expenditure, one is surprised that the result of the sweat of the brow of the tax-payer crystallised into money and collected by the Government is spent so much to the advantage of the tax-payer as to keep up a body of officials in the State."

ഇങ്ങനെ പല തരത്തിലുള്ള പ്രസ്താവനകൾ ഇപ്പോഴുദ്യോഗത്തിലിരിക്കുന്ന പലയാളുകൾ ചെയ്തിട്ടുള്ളതായി ഞാൻ തെളിയിക്കാം.

MR. N. K. KRISHNA PILLAI (*Neyyattinkara*) : അവരുടെ അഭിപ്രായം ഇപ്പോഴും അങ്ങനെയായിരിക്കുമെന്നാണൊ മെമ്പർ വിചാരിക്കുന്നതു്?

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അതാണു ഞാനാദ്യമെ പറഞ്ഞതു്. സ്ഥാനവ്യത്യാസം അഭിപ്രായവ്യത്യാസത്തിനു കാരണമാവുകയില്ലെങ്കിൽ ഇപ്പോഴും അവരുടെ അഭിപ്രായം അന്നു പറഞ്ഞതുതന്നെയായിരിക്കും. എന്നാൽ ശമ്പളം കുറയ്ക്കുകയെന്നു വരുമ്പോൾ അതു ഇപ്പോൾ അവരെ കൂടി ബാധിക്കുന്നതുകൊണ്ടും ഇപ്പോൾ അവർ ഗവണ്മെന്റു ശമ്പളം വാങ്ങുന്നതുകൊണ്ടും വോട്ടുചെയ്യുന്നതുമറിച്ചായിരിക്കും.

സാധുക്കളും അൽപ്പട്ടിണിക്കാരുമായ ഒന്നൊ രണ്ടൊ ശിപായിമാരെ കുറയ്ക്കുകയെന്നുള്ളതാണു് ഇവിടത്തെ retrenchment. ഉയർന്ന ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ശമ്പളവും വർദ്ധിപ്പിക്കുകയും വല്ല സൌകര്യവും ലഭിക്കുമെങ്കിൽ വിദേശീയരെ ഡിപ്പാർട്ടുമെന്റു മേധാവികളായി നിയമിക്കുകയും ചെയ്യുകയെന്നുള്ളതാണു് ഇവിടത്തെ ഡിപ്പാർട്ടുമെന്റു പരിഷ്കാരം. മുതലെടുപ്പിന്റെ സിംഹഭാഗവും ഉദ്യോഗസ്ഥന്മാരുടെ ശമ്പളച്ചിലവുകൾക്കായി വ്യയംചെയ്യുകയും പൊതുജനങ്ങളുടെ സുഖസൌകര്യാദികളെ വർദ്ധിപ്പിക്കുന്നവയും ഗവണ്മെന്റി

LIBRARY ARCHIVES Kerala Legislative Assembly

ന്റെയും രാജ്യത്തിന്റെയും പൊതുവെയുള്ള ധനാഗമമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കുന്നവയുമായ വേലകൾക്കായി മുതലെടുപ്പിൽ നിവൃത്തിയുള്ളിടത്തോളം ഏറ്റവും മുരുങ്ങിയ ഒരു ഭാഗം മാത്രം ചിലവഴിക്കുകയുംചെയ്യുകയെന്നതാണ് ഇവിടത്തെ കാര്യക്ഷമത. റിട്രഞ്ച്മെൻറുകമ്മിറ്റി വ്യയസംകോചനത്തിനായി ഒരു വശത്തു ഗൌരവമായ ആലോചന നടത്തുമ്പോൾ, വളരെ ദിവസത്തെ ആലോചനയുടെ ഫലമായി ഏതാനും ചില ചില്ലറ ഉദ്യോഗങ്ങൾ കുറവുചെയ്യുമ്പോൾ ന്യായമായ സ്കോൽഅനുസരിച്ചുള്ള ശമ്പളക്കൂട്ടുതലിനും പുറമെ ചില ഉദ്യോഗസ്ഥന്മാർക്ക് ൫൦൦-ം, ൭൫൦-ം രൂപാ ഒരുമിച്ചു ശമ്പളക്കൂട്ടുതൽ കൊടുക്കുകയാണു ഗവണ്മെൻറു മറുവശത്തു ചെയ്യുന്നതു്. ആ ഉദ്യോഗസ്ഥന്മാർക്കു ഒരുപക്ഷെ കൂട്ടുതൽ ശമ്പളം കിട്ടുന്നതിനു തക്ക യോഗ്യത ഉണ്ടായിരിക്കാം. എന്നാൽ അവരുടെ യോഗ്യതയ്ക്കാ പ്രാപ്തിക്കൊ അല്ല അവർ വഹിക്കുന്ന ജോലിക്കാണു ഗവണ്മെൻറു് അവക്കു ശമ്പളം നൽകുന്നതെന്നുള്ള തത്വം ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല. ശമ്പളക്കൂട്ടുതലും കുറവും നൽകുന്നതു് ഓരൊ ഉദ്യോഗസ്ഥനുമുള്ള പ്രാപ്തിയെയും യോഗ്യതയെയും അടിസ്ഥാനമാക്കിയാണെങ്കിൽ തിരുവിതാംകൂറിൽ ഇന്നുള്ള പല ഉദ്യോഗസ്ഥന്മാരുടെയും ശമ്പളം ഉടനെ വളരെ കുറവുചെയ്യേണ്ടതായി വരും. ഇപ്പോൾ ശമ്പളക്കൂട്ടുതൽ നൽകിയിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു ഒരുപക്ഷെ വളരെ മുൻപുതന്നെ ഉദ്യോഗക്കയറ്റം കൊടുക്കേണ്ടതായിരിക്കും. മുമ്പു ഒരു പക്ഷെ അവരോടു ഗവണ്മെൻറു് അനീതി പ്രവർത്തിച്ചിരിക്കാം. എന്നാൽ ഒരു അനീതി മറ്റൊരു അനീതികൊണ്ടല്ല പരിഹരിക്കേണ്ടതു്. അവരെ ശമ്പളക്കൂട്ടുതലുള്ള ഉദ്യോഗങ്ങളിൽ നിയമിച്ചു കൂട്ടുതൽ ശമ്പളം നൽകട്ടെ. അങ്ങനെയുള്ളവരെ ഹൈക്കോടതിജഡ്ജിമാരായി നിയമിച്ചു ൯൦൦൦ രൂപാ ശമ്പളം നൽകട്ടെ. ചീഫ് ജസ്റ്റീസായൊ പോലീസ് കമ്മീഷണറായൊനിയമിച്ചു് ൫,൫൦൦ രൂപാ ശമ്പളംനൽകട്ടെ. അല്ലെങ്കിൽ ഇന്നലെ ഇവിടെ പ്രസ്താവിച്ച കൊതുകിനെ പിടിക്കുന്ന ഉദ്യോഗത്തിൽ നിയമിച്ചെങ്കിലും ൫,൦൦൦ രൂപാ നൽകട്ടെ. ഇങ്ങനെ അനാവശ്യങ്ങൾക്കു പണം വ്യയംചെയ്യുന്നതുനിമിത്തം പണമില്ലാതെ വരുമ്പോളാണു് ആ പണമില്ലായ്മയെ പരിഹരിക്കുന്നതിനായി പെൺകുട്ടികളുടെ ഫീസു വർദ്ധിപ്പിക്കുന്നതിനുംമറ്റും ഗവണ്മെൻറു മുതിരുന്നതു്. പെൺകുട്ടികളുടെ ഫീസു് വർദ്ധനവുമൂലം ലഭിക്കുന്ന തുകയുടെ നിസ്സാരതയെപ്പറ്റിയും തൻമൂലമുണ്ടാകാവുന്ന ദോഷഫലങ്ങളെപ്പറ്റിയും ഗവണ്മെൻറു വേണ്ടവിധത്തിൽ ചിന്തിച്ചിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Kunju.]

വെങ്കിൽ അമ്മാതിരിയുള്ള ഒരു കഠിനകൃത്യത്തിനു ഗവണ്മെൻറു മുതിരുകയില്ലായിരുന്നു. ശമ്പളച്ചിലവിൻെറ ആധിക്യംക്രൂടാതെ ഇവിടത്തെ ശമ്പളക്രമവുംയാതൊരു തത്വത്തെയും അടിസ്ഥാനപ്പെടുത്തിയല്ല നിണ്ണയിച്ചിട്ടുള്ളതു്. ജോലിയുടെ ക്ലേശതലൊ കുറവൊ ചുമതലയുടെ ഗൌരവമൊ നിസ്സാരതയൊ പ്രയോജനത്തിൻെറ ന്യൂനാധികഭാവമൊ ഒന്നും നോക്കിയല്ല ഇവിടെ ഉദ്യോഗങ്ങളുടെ ശമ്പളസംഖ്യകൾ ക്രമീകരിച്ചിട്ടുള്ളതു്. ഗൌരവാവഹങ്ങളായ ചുമതലകൾ വഹിക്കുന്ന ഒരു പാർവത്യകാക്കു ൟ വ, ൨ ൦, ൨൨, ൨൪ രൂപാമുന്നീ ക്രമമനുസരിച്ചും ഒരുഅക്കൌണ്ടൻറിനു ൟ ൪-൦, മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാക്കു ൟ ൫ രൂപാമുതൽ ൟ വ രൂപാവരെയും ശമ്പളം നൽകുന്ന ഗവണ്മെൻറു് ഒരു വാച്ച്മിനേറക്കു, വല്ലപ്പോഴും ചിലരെയെല്ലാം അച്ചുകുത്തുകയും വേണ്ട റിക്കാർഡുകൾ ചമയ്ക്കുകയും മാത്രംചെയ്യേണ്ട ഒരു അച്ചുകുത്തുപിള്ളക്കും നൽകുന്നതു ൟ ൫൦ രൂപാവരെയാണു. ആഫീസ്സമയം മുഴുവൻകേസുവിചാരണയും ആഫീസുജോലികളുംമറു സമയമെല്ലാം വിധിയെഴുത്തുമായി കഴിഞ്ഞുകൂടുന്ന ഒരു മുൻസിഫിനു ൨൦൦—൨൫/൨—൩൫൦ രൂപാവരെയും, ഒരു സ്റ്റേഷനറി മജിസ്ട്രേട്ടിനു ൟ ൨൫ രൂപായും ഒരു താലൂക്കിലെ റവന്യൂകായ്യങ്ങളുടെ മുഴുവൻ ചുമതല വഹിക്കുകയും, അതിനുംപുറമെ ചിലപ്പോൾ രണ്ടാം ക്ലാസ് മജിസ്ട്രേട്ടധികാരംക്രൂടി വഹിക്കുകയുംചെയ്യുന്ന തഹശിൽദാക്കു ൟ ൫൦-൦, ൨൦൦-൦ രൂപായും, തിരുവിതാംകൂർ മുഴുവൻ അധികാരസീമയും ൟ൩൦൦-ഓളം കീഴ്സിൽബന്ധികളുമുള്ള അഞ്ചൽ സൂപ്രണ്ടിനു ൨൫൦—൩൦൦ വരെ രൂപായും ശമ്പളമായിരിക്കെ പറയത്തക്ക ജോലിയൊന്നുമില്ലാതെ ആസ്തിക്യത്തെ നീതീകരിക്കുന്നതിനുക്രൂടി നിവൃത്തിയില്ലാതെ വിഷമിച്ചു പ്രയോജനരഹിതരായിരൊരൊഅസിസ്റ്റൻറ്മാരോടുക്രൂടി മഹാഭാഗ്യവാന്മാരായി കഴിഞ്ഞുകൂടുന്ന നെയ്ത്തുവദിശ്ടൻ ഊറവദിഗ്ദ്ധൻ മുതലായ വിദഗ്ദ്ധന്മാക്കു ൨൫൦—ൟ൫—൪൦൦, രൂപാശമ്പളം നൽകുന്നതു സ്പഷ്ടമായ്കുങ്ങളെ ഒക്കെയും അതിശയിക്കുന്ന ഒരുമഹാശ്ചര്യമായിട്ടാണു പരിഗണിക്കേണ്ടതു്. ഇങ്ങനെയുള്ള അനവധി ഉദാഹരണങ്ങൾ ഉല്ലേഖിക്കുവാൻ പ്രയാസമില്ല. തിരുവിതാംകൂർ രാജ്യത്തിൻെറ പ്രൈശ്ചാഭിവൃദ്ധികളിൽ ഗവണ്മെൻറിനു് ആകാംക്ഷയുണ്ടെങ്കിൽ, കാര്യക്ഷമമായ ഭരണം ഇവിടെ നടക്കുന്നതിനു ഗവണ്മെൻറിനു് അഭിവാഞ്ഛയുണ്ടെങ്കിൽ, ജനങ്ങളുടെയും ഗവണ്മെൻറിൻെറയും സാമ്പത്തികനില അഭിവൃദ്ധിപ്പെടണമെന്നു ഗവണ്മെൻറിച്ഛിക്കുന്നുവെങ്കിൽ ഇവിടത്തെ ഉദ്യോഗങ്ങളുടെ എണ്ണവും ശമ്പളവും വേണ്ടവിധത്തിൽ കുറ

LIBRARY ARCHIVES Kerala Legislative Assembly

വുചെയ്യുന്നതിനും ക്രമീകരിക്കുന്നതിനും അന്വേഷണസ്ഥിതിപക്ഷമുള്ള ഒരു കമ്മിറ്റിയെ ഈ നിയമസഭയുടെ അഭിപ്രായാനുസരണം തിര ഞ്ഞെടുക്കുകയും അവരുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിന് ഗവണ്മെൻറു തയ്യാറാവുകയും വേണം.

PRESIDENT: Mr. Joseph Kunju, your time is up.

MR. K. PADMANABHA PANIKKAR (*Ambalapuzha*): Sir, I have been listening carefully to the speech of the Financial Secretary while introducing the Budget last Saturday. As usual, he was very optimistic, and he has offered us a small surplus which, I am sure, and most of the members on this side of the House are also sure, will end in a big deficit. Sir, I do not understand how the Financial Secretary overlooked the present world-wide economic tendencies, tendencies which affect our industries, commerce and agriculture, and our finances, both private and public, very much. I am certain that, if the Financial Secretary had paid more attention to these aspects of the question, his optimism would not have ended in the production of a surplus budget. Both in private and in public services, reduction of salaries of officers is the order of the day; and I am aware, Sir, that the pay of officers in the British Government has been reduced by 10 per cent. I do not know why our Government alone remain unmoved by what is taking place outside the State. Sir, it is quite necessary that immediate reduction of salaries should be made in the interests and for the well-being of the country as a whole and in order to restore confidence to the public. Before I conclude this part of my speech, I earnestly hope that the anticipations of the Financial Secretary might come true. Only in such a case will our financial condition be made more prosperous.

Sir, I find that some agricultural farms—experimental farms—have been abolished. This country is primarily an agricultural one and the agriculturists feel that the abolition of experimental farms and demonstration centres is a retrograde policy. I have had occasion to visit many of the agricultural farms and demonstration centres in India and abroad. They are maintained not with an eye to profit but merely as a medium of education. We feel that it is extremely necessary to maintain these institutions in the interests of the agriculturists. Agriculturists like myself will not grumble at the maintenance of these institutions. We hope that the abolition is temporary only.

Another feature with regard to the Budget is the rather lengthy statement of the programme of work of the Industrial Department. This is quite an unusual feature of the Budget. There is provision for opening a Sales Depot at Trivandrum. I feel, Sir, that there is some attention paid to this Department at this stage. But, the sums allotted for the Sales Depot seems to be quite inadequate. I am sure, Sir, that this Sales Depot will be a source of encouragement to the cottage industry of this land in particular. Sir, it is an admitted fact that the

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Padmanabha Panikkar.]

income from abkari is likely to fall on account of the temperance movement in the country and it is for the Government to find out ways and means to make up this revenue dislocation and I believe customs is one of the items that the Government should work up. I congratulate the Government for providing sufficient funds in this direction.

It is necessary to pay particular attention to trade and industry and give all facilities to the people engaged in trade and commerce in this country. It is with this idea, I believe, that the Government have provided this year ample funds to open up the Hydro Electric Scheme at Pallivasal. They have also provided funds for the appointment of a trade agent in London and also to improve the existing pier at Alleppey. I believe the appointment of a trade agent in London will give a great impetus to our foreign trade. But in this connection I have to mention one fact that 90 per cent. of our trade is in India and Burma. It is necessary that this sphere of trade should be explored. Our country bears some resemblance to Ceylon in some respects. And the Government of Ceylon has appointed a trade agent in India. Only the other day he visited Alleppey. I think this is a matter which must engage the attention of the Government. It is necessary to appoint trade agents in different parts of India, Burma and various other commercial centres.

I see from the Budget that provision has been made for the formation of a committee to enquire and report on the co-operative movement in Travancore. Sir, this proposition was brought before the Government by the Economic Development Board about 10 years ago. The report of the Registrar of Co-operative Societies brought to the notice of the Government the unsatisfactory working of co-operative societies in the State. He has attributed that to lack of proper supervision and also to economic depression. I hope this committee will thresh out this matter fully and place before us useful suggestions for the working of this Department, which has great potentialities.

The necessity of having a committee to examine the present system of education and to see whether the enormous sums of money spent every year is justifiable has been urged upon the Government very often in this House and I take this opportunity again to press upon Government, the great necessity for such a committee. When the Government appoint this committee it is essential that members selected should not merely be gentlemen with literary experience but also technical men, men with knowledge in technical matters. The older universities in London, like Cambridge, have departed from their hereditary traditions and they are now paying more attention to matters economical than before and it is high time that we in this country paid particular attention to this. Literary education is not the only criterion. We have to pay attention to the technical and commercial education as well. This aspect of education should be regarded as important as literary education.

LIBRARY ARCHIVES Kerala Legislative Assembly

Sir, a pamphlet has been handed over to us by the Public Health Department and I have no hesitation in saying that the general health of the people in our new and growing towns is becoming worse from year to year. Diseases like filariasis, tuberculosis, leprosy and small-pox, and infantile mortality which is on the increase in the State are due to lack of provision and facilities for educating the people with regard to such matters as insanitary condition, impure water, vaccinationwork, maternity and child welfare. I wish greater provision had been made in the Budget under this head. In this connection I should like to say that our Health Units should be extended to places like Shertallai Alleppey and other insanitary places.

I should like to say one word more and that is about the public service of the State. It has been a long-standing and vexed question, a proper solution of which depends on the harmony between the various communities in the State. Much of the time of this Council during the last few years has been spent on discussions on this question and we, on this side of the House, were pleased to receive the information that a committee had been appointed to solve this question. It is some months now since that committee has been appointed, but, so far as I am aware, the committee has not sat even once. Sir, this shows that the Government is not fully alive to the real need for this committee and much of the agitation on the part of the public has been stopped on account of the formation of this committee. I do not wish to say anything more on this subject except to give a warning to the Government that it is for the combined good of all the subjects of His Highness our beloved Maha Raja, and the Government should realise that the solution of this all important question is necessary in order that they may live in peace and harmony and assist the Government in the task of looking after the well—being and prosperity of 5 million people in this State.

MR. S. KRISHNA PILLAI (*Karunagapalli*) : Sir, after reading through the Budget and listening to the speech of the Financial Secretary, I have been convinced that the framing of a budget has become an art with him. But the Budget, when scrutinised, would not commend itself to any one of us or any point on which we may be in a position to congratulate him specially. He has done his utmost and has given us a budget in the best form possible. If there are defects in the Budget, I am certain, it is not due to his fault. I believe it is the fault of the Government. There is one matter on which I want to draw the attention of this House, and that is, the Government balance which stood at Rs. 165 lakhs in 1106 is expected to stand at Rs. 102 lakhs in 1108. The Financial Secretary has been coming and telling us every year that the figure that he gives is a figure which might be accepted as correct. But experience tells us that it is otherwise. In 1106 he told us that the balance would be Rs. 144 lakhs and Rs. 130 lakhs, at the end of 1106 and 1107, respectively. But we find that it dwindled

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

down to Rs. 141 lakhs and Rs. 117 lakhs. If the statement that 144 would be 141 and 130 would be 117 is correct, I am not in a position to say exactly what 102 will be at the end of 1108. As I said, the fault is certainly not the Financial Secretary's but of the Government. Provisions made in the Budget are rather illusory and in several cases they could not be kept under the control either of the Financial Secretary or the Government. The Financial Secretary's Budget this year is another example of my statement. He expects that we would be making about Rs. 22 lakhs of revenue in excess of the estimated revenue for 1107. This is composed of the Rs. 10 lakhs expected to be received from the Cochin Harbour Scheme and Rs. 11·5 lakhs or nearly Rs. 12 lakhs from various other items. One thing I am certain and that is that this Rs. 11 lakhs odd will not, as a matter of fact, be realised by the Government. My reasons are very simple. The Financial Secretary in his speech clearly states that economic depression is not likely to disappear in 1103. The Economic Depression Enquiry Committee's report also shows that this is true and the cold bare fact which we are brought face to face with every day also convinces us that it is not going to finish in 1108. If that be so, I am not in a position to understand how the Financial Secretary says that we would be making an enhanced revenue under Stamps, Customs, Land Revenue, Registration and Forest. Estimated collection of land revenue to the extent of about Rs. 30 thousand in excess of last year is not going to be an accomplished fact, especially in view of the resolution that this House has passed a few days back. According to the Financial Secretary the import duty will be in excess of what we realised last year, and at the same time he maintains the export duty at the same figure. It is not easy to understand how we are going to pay for the imports on a larger scale. He says that under Stamps we are going to realise a small amount by way of excess. On scrutiny I found that one anna stamps are expected to be sold in large quantities in 1108. Is it because the people would be compelled to execute pro-notes for satisfying the demands of their creditors for oral loans contracted in 1107? He also expects to have larger sales of general stamps. If people are not in a position to invest money, or advance loans, I cannot understand how they will be purchasing general stamps more largely than in 1107. The details which I have now furnished may not be scientifically or mathematically correct, because the Financial Secretary has taken care to distribute all the Rs. 11 lakhs over a large area and under a large number of heads, about Rs. 2,000 under one, Rs. 5,000 under another Rs. 10,000 under a third, and Rs. 15,000 under a fourth. It will be difficult for a non-official member to check item by item and ascertain correctly the exact figure under each head. The Financial Secretary expects a large collection in 1108, to the extent of about Rs. 22 lakhs. If the expected collection of Rs. 10 lakhs from the Cochin Harbour Scheme is disturbed by the order of any superior authority or altered by a second decision in regard to the matter, I am certain that all the Rs. 22 lakhs expected in 1108 will find realisation

LIBRARY ARCHIVES Kerala Legislative Assembly

only in the imagination of the Financial Secretary. Again the financial tribulations of 1107 must enable us to have a correct idea of the financial position of the State in 1108. I find from the Financial Secretary's speech that there were not sufficient funds in the State coffers to meet the current demands and that therefore Rs. 10 lakhs had to be borrowed from His Highness for replenishing the treasuries. In 1107, we find, the Government had to incur a loss of Rs. 40,000 by transferring permanent securities to the sinking fund deposit. The Government found that they had to lose Rs. 1 lakh odd in the shape of interest. The Government also found that sinking fund deposit which had to be met out of current revenue could not be so met but had to be borrowed from the reserve fund. If this is the case in 1107, I am not in a position to understand how we are going to meet all these demands in 1108. The Financial Secretary tells us that the Government have managed to keep up the level of actual collection of revenue but this is sought to be done by certain very unjust means. There are six items which I have been able to see in the Budget under which the Financial Secretary hopes to keep the balance even and that is by enhancement of the duty on tobacco and salt, increase in the price of Anchal stamps and money order commission, increased levy by way of tolls and lastly, an amount of Rs. 1 lakh odd which he has managed to scrape out of the Devaswom fund by now trying to put a certain interpretation upon the Devaswom Proclamation.

He says that paddy was calculated at that time at 27 chackrams per *para*. He now says that what was once understood as *ayacut* and *sanchayam* revenue shall not hereafter be *ayacut* and *sanchayam* revenue, that the collection from markets have now been transferred from *ayacut* and *sanchayam* revenue to some miscellaneous head, that an attempt was made sometime back to transfer the income derived from the registry of *puduval* lands from the *ayacut* and *sanchayam* revenue to capital account.....

MR. K. GEORGE (*Chief Secretary to Government*) : That was never under *ayacut* revenue.

MR. S. KRISHNA PILLAI (*Karunagapalli*) : At any rate, I find from the *Administration Report* that it was transferred from the general revenue head to a separate account. The Devaswom Proclamation says that the percentage of contribution to the Devaswom fund shall be on the *ayacut* and *sanchayam* revenues of the State. However, that which was treated as *ayacut* and *sanchayam* revenue till 1107 – I am referring to the collection from markets—has now been transferred to another miscellaneous head, and that has enabled the Government to work down the percentage.

MR. A. NARAYANA PILLAI (*Vaikam*) : അങ്ങനെ വല്ലതുംവന്നാൽ അതു അയക്കെട്ടിനത്തിൽ കരവായിവരുമല്ലൊ ?

MR. S. KRISHNA PILLAI (*Karunagapalli*) : The reasons cited are not acceptable to this House. It is only an excuse that is offered. It is by this unacceptable method that the Financial Secretary hopes to keep the revenue balanced.

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

Sir, with these financial troubles before them, the Government propose to undertake to invest huge amounts on certain capital works. For my part, I am unable to appreciate that idea, at the present moment. No doubt, some of my friends may argue that such capital expenditure would tend to the improvement of the condition of the people. But my point is whether this is the time for embarking upon such costly schemes. I am certainly of opinion that it is not sound policy to embark upon any new scheme during this period of financial and economic depression, any scheme which would involve heavy expenditure. The Pallivasal Hydro-Electric Scheme is estimated to cost about 40 lakhs of rupees. It was not long ago that we started the Water Supply Scheme; and we propose to start a drainage scheme also. These two together will cost a huge sum. The reserves with the Government have dropped down now to Rs. 102 lakhs and our expectations from the current revenues are not very hopeful. In these circumstances, I am of opinion that it would not be advisable for the Government to undertake the Hydro-Electric Scheme in 1108 for the simple reason that, once we start, we will be compelled to spend the whole of the estimated amount.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Is it not a reproductive scheme?

MR. S. KRISHNA PILLAI (*Karunagapalli*): That may be; for the matter of that there are more reproductive works, works which would be more useful to the people and which would not involve such heavy outlay. My question is, as members of this House, as responsible citizens of this State, are we justified in asking the Government to embark upon any costly scheme when the country is suffering from acute economic depression and when the reserves with the Government are rapidly going down? Further, do not the Government owe Rs. 130 lakhs to the Secretary of State for India? Our sinking fund towards the discharge of that debt now amounts only to about Rs. 80 lakhs. Under the agreement, are we not bound to contribute two lakhs of rupees every year towards the sinking fund? If our current revenue is going to get smaller and smaller year after year and if we are not able to bring down, or even to keep within proper limits, our expenditure, if the Financial Secretary's statement, that in 1108 the expenditure is going to exceed the expenditure in 1107 by over a lakh of rupees even after the cuts proposed by the Retrenchment Committee and the severe scrutiny by the Government, is true, are we justified in embarking upon such schemes as the Hydro-Electric Scheme and in frittering away the small reserve balance with the Government? That balance the Government must be in a position to depend upon for meeting unforeseen and urgent needs.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is it not usual to start reproductive works even by going in for loans?

MR. S. KRISHNA PILLAI (*Karunagapalli*): The Water Supply Scheme, the Electric Supply Scheme, and the Chackai-Tampanur

LIBRARY ARCHIVES Kerala Legislative Assembly

Railway Extension are all reproductive schemes which the Government have now undertaken. We find that year after year the income from these is going down.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Is th income going down in the case of the Electric Scheme also ?

MR. S. KRISHNA PILLAI (*Karunagapalli*) : That may be an exception ; we have to wait and see how it is going to work in the coming years.

The Government appear to have a peculiar fascination for schemes which would not yield them anything in the shape of interest or profit. Perhaps, the proposed Pallivasal Hydro-Electric Scheme may be more profitable than the schemes already started by the Government. But, I ask, are we now in a position to embark upon costly schemes and to spend forty lakhs of rupees? There is the Neriamangalam bridge on which a sum of Rs. 1½ lakhs has to be spent during the coming year. That is intended only as a preliminary estimate. We may have to spend more on it. In the case of the Pallivasal Scheme itself the sum of six lakhs provided for in the Budget for 1108 is intended only for the first stage of the scheme which would supply electricity only to the European planters in that region. For the scheme to be of real use to the people of Travancore, we have to wait for the subsequent stages of the scheme which means that we will have to spend all the forty lakhs of rupees before the people of the country get any benefit out of it. I raise the question, are we sure that we would be able to keep up at least the present level in our finances till that scheme is completed? Are we sure that we would not be forced to have recourse to additional taxes or to raise money by unjust methods? In these circumstances, are we justified in embarking upon the scheme now?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Is it by imposing additional taxes that such schemes are generally financed?

